LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2005 നവംബർ 21, തിങ്കൾ

വാല്യം CXXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 2005 നവംബർ മാസം 21-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

ചരമോപചാരം

മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: ഇൻഡ്യൻ ജനാധിപത്യത്തിന്റെ കീർത്തിമുദ്രയും കേരളത്തിന്റെ അഭിമാനസ്തംഭവുമായ കെ. ആർ. നാരായണൻ ഭാരതത്തിന് കേരളം നൽകിയ അമൂല്യ സംഭാവനയാണ്. സാധാരണക്കാരിൽ സാധാരണക്കാരനായി ജനിച്ച് പടിപടിയായി വളർന്ന് വിശ്വപൗരനായിത്തീർന്ന ആ ബഹുമുഖ പ്രതിഭയുടെ വിടവാങ്ങൽ ഭാരതത്തിന് പൊതുവേയും മലയാളികൾക്ക് പ്രത്യേകിച്ചും കനത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. അദ്ധ്യാപകൻ, പത്രപ്രവർത്തകൻ, നയതന്ത്രജ്ഞൻ, വൈസ്-ചാൻസലർ, പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി, ഉപരാഷ്ട്രപതി എന്നീ നിലകൾ പിന്നിട്ടാണ് കെ. ആർ. നാരായണൻ രാജ്യത്തെ പരമോന്നത പദവിയായ രാഷ്ട്രപതി പദത്തിലെത്തിയത്. തന്റെ കർമ്മകാണ്ഡം മുഴുവൻ രാജ്യസേവനത്തിനായി ഉഴിഞ്ഞുവച്ച കെ. ആർ. നാരായണൻ ഇനി കർമ്മഭൂമിയിലെ ജ്വലിക്കുന്ന ഒരു ഓർമ്മ മാത്രം. കോട്ടയം ജില്ലയിലെ ഉഴവൂരിനടുത്ത് കുറിച്ചിത്താനത്ത് കേച്ചേരിൽ രാമൻ വൈദ്യരുടെയും പുന്നത്തുറ വീട്ടിൽ പാപ്പിയമ്മയുടേയും ഏഴ് മക്കളിൽ നാലാമനായ കെ. ആർ. നാരായണന്റെ ജനനം 1920 ഒക്ടോബർ 27-നായിരുന്നു. ജാതി വ്യവസ്ഥയും തരംതിരിവിന്റെ ജീർണ്ണിച്ച സാമൂഹിക വ്യവസ്ഥിതിയും അജ്ഞതയുടെ അന്ധകാരവും ആവരണം ചെയ്തിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതയാത്ര ആരംഭിക്കുന്നത്. കുറിച്ചിത്താനം എൽ. പി. സ്കൂൾ, ഉഴവൂർ ഔവർ ലേഡീസ് സ്കൂൾ, കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂൾ

എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഇല്ലായ്മയുടെയും വല്ലായ്മയുടെയും തീക്ഷ്ണമായ അനുഭവപാഠങ്ങൾ ചെറുപ്പത്തിലെ മനസ്സിലാക്കിയ കെ. ആർ. നാരായണൻ എല്ലാത്തരം വിവേചനത്തിനും നീതിനിഷേധത്തിനുമെതിരെ നിലകൊണ്ടു. കോട്ടയം സി. എം. എസ്. കോളേജിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലുമായാണ് അദ്ദേഹം കലാശാല വിദ്യാഭ്യാസം പൂർത്തിയാക്കിയത്. യൂണിവേഴ്സിറ്റി കോളേജിൽനിന്ന് ഒന്നാം ക്ലാസിൽ ഒന്നാം റാങ്കോടെ ബി. എ. ഓണേഴ്സ് കരസ്ഥമാക്കി. എന്നാൽ തിരുവിതാംകൂറിൽ അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ജോലി ലഭിച്ചില്ല. 1945-ൽ ഡൽഹിയിൽ എത്തിയ അദ്ദേഹം ഇൻഡ്യൻ ഓവർസീസ് വകുപ്പിൽ ഉദ്യോഗസ്ഥനായി. പത്രപ്രവർത്തനത്തോടുള്ള അഭിനിവേശം കൊണ്ട് അദ്ദേഹം ഹിന്ദുവിലും ടൈംസ് ഓഫ് ഇൻഡ്യയിലും ജോലി ചെയ്തു. അക്കാലത്താണ് ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ഉപരിപഠനത്തിനുള്ള ടാറ്റാ സ്കോളർഷിപ്പ് അദ്ദേഹത്തെ തേടിയെത്തിയത്. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പ്രശസ്ത ചിന്തകനായ പ്രൊഫസർ ഹാരോൾഡ് ലാസ്കിയുടെ അരുമ ശിഷ്യനായിരുന്ന കെ. ആർ. നാരായണൻ പൊളിറ്റിക്കൽ സയൻസിൽ പ്രശസ്ത വിജയവുമായാണ് ഇൻഡ്യയിലേക്ക് മടങ്ങിയത്. കെ. ആർ. നാരായണന്റെ സ്വഭാവ വൈശിഷ്ട്യത്തെക്കുറിച്ച് പ്രൊഫസർ ലാസ്കി തന്നെ നെഹ്റുവിന് കത്തെഴുതുകയും നെഹ്റു കെ. ആർ. നാരായണനെ വിദേശകാര്യ സർവ്വീസിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. ബർമ്മ, ജപ്പാൻ, ആസ്ട്രേലിയ, ബ്രിട്ടൺ എന്നിവിടങ്ങളിൽ നയതന്ത്ര ഉദ്യോഗസ്ഥനായും തായ്ലന്റ്, തുർക്കി, ചൈന, യു. എസ്. എ. എന്നീ രാജ്യങ്ങളിൽ സ്ഥാനപതിയായും കെ. ആർ. നാരായണൻ നയതന്ത്ര ദൗത്യം സ്തുത്യർഹമായ വിധത്തിൽ അനുഷ്ഠിച്ചു. ഇൻഡ്യ-ചൈന നയതന്ത്ര ബന്ധത്തിൽ രചനാത്മകമായ മാറ്റം വരുത്തുന്നതിൽ അദ്ദേഹത്തിന്റെ നിസ്തുലമായ സംഭാവന എക്കാലവും സ്മരിക്കപ്പെടും. അമേരിക്കയുമായുള്ള നയതന്ത്രബന്ധം ഊഷ്മളമാക്കുന്നതിൽ അദ്ദഹം അനിതരസാധാരണമായ പാടവം പ്രദർശിപ്പിച്ചു. 1978-ൽ വിദേശകാര്യ സർവ്വീസിൽനിന്ന് വിരമിച്ച കെ. ആർ. നാരായണൻ ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി. 1984-ൽ ഇന്ദിരാഗാന്ധിയാണ് അദ്ദേഹത്തെ രാഷ്ട്രീയത്തിലേക്ക് ആനയിച്ചത്. ആ വർഷം നടന്ന തെരഞ്ഞെടുപ്പിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ച് അദ്ദേഹം ലോക്സഭാംഗമായി. തുടർന്ന് രാജീവ് ഗാന്ധി മന്ത്രിസഭയിൽ ആസൂത്രണ വകുപ്പ് സഹമന്ത്രി, വിദേശകാര്യ വകുപ്പ് സഹമന്ത്രി, ശാസ്ത്ര സാങ്കേതിക വകുപ്പ് സഹമന്ത്രി എന്നീ നിലകളിൽ അദ്ദേഹം തന്റെ ഭരണപാടവം തെളിയിച്ചു. 1989-ലും 1991-ലും ഒറ്റപ്പാലം ലോക്സഭാ മണ്ഡലത്തിൽ നിന്നുതന്നെ അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 1992-ൽ പ്രതിപക്ഷ കക്ഷികൾ ഉൾപ്പെടെ എല്ലാവരുടേയും പിന്തുണയോടെ അദ്ദേഹം ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടു. 1997 ജൂലൈ 25-ന് അദ്ദേഹം ഇൻഡ്യയുടെ പ്രഥമ പൗരനായി. രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ 94.97 ശതമാനം വോട്ട് നേടിയാണ് അദ്ദേഹം ഇൻഡ്യയുടെ പത്താമത് രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടത്. കേരളത്തിന്റെ അഭിമാനമായ കെ. ആർ. നാരായണൻ ഇൻഡ്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്യുന്ന അവസരത്തിൽത്തന്നെ കേരള നിയമസഭ പതിവ് നടപടികൾ മാറ്റിവച്ച് പുതിയ രാഷ്ട്രപതിക്ക് ജന്മനാടിന്റെ അനുമോദനങ്ങൾ അർപ്പിച്ചത് ഞാൻ സ്മരിക്കുകയാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതൊരു അഭിമാനകരമായ അനുഭവമായിരുന്നു. രാഷ്ട്രപതിയായി സ്ഥാനമേറ്റതിനുശേഷം 1997 സെപ്റ്റംബർ 18-ന് കേരള നിയമസഭയുടെ പ്രത്യേക ക്ഷണപ്രകാരം സഭയിലെത്തിയ രാഷ്ട്രപതിയെ സഭ ആദരിച്ചു. ഭാരതത്തിന്റെ ജനാധിപത്യ ചരിത്രത്തിൽ ഒരു രാഷ്ട്രത്തലവൻ സംസ്ഥാന നിയമസഭയെ ആദ്യമായി അഭിസംബോധന ചെയ്യുക എന്ന അത്യപൂർവ്വമായ ബഹുമതിക്ക് കേരള നിയമസഭ അന്ന് അർഹയായി. വിനയത്തിന്റെയും ലാളിത്യത്തിന്റെയും ആൾരൂപമായിരുന്ന അദ്ദേഹം തന്റെ മറുപടി പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു "മുണ്ടുടുക്കാനും മലയാളം പറയാനും അറിയാവുന്ന പ്രസിഡന്റിനെ ആദ്യമായി ഇൻഡ്യയ്ക്ക് ഇപ്പോഴാണ് കിട്ടിയിട്ടുള്ളത്. എനിക്ക് അതിൽ പ്രത്യേക ആനന്ദവും അഭിമാനവും സന്തോഷവും തോന്നുന്നു". 1998 മേയ് 22-ന് കെ. ആർ. നാരായണൻ ഈ പുതിയ നിയമസഭാ മന്ദിരം ഉദ്ഘാടനം ചെയ്തുകൊണ്ട് വീണ്ടുമൊരു ചരിത്ര മുഹൂർത്തം നമുക്ക് സമ്മാനിച്ചു. ഇന്ന് വീണ്ടും നാം നിയമസഭാ ചരിത്രത്തിൽ ഇദംപ്രഥമമായി പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടി ആ മഹത് വ്യക്തിത്വത്തിന് ആദരാഞ്ജലി അർപ്പിക്കുകയാണ്. രാഷ്ട്രപതി എന്ന നിലയിൽ തന്റെ അഭിപ്രായങ്ങൾ തന്റേടത്തോടെ പ്രകടിപ്പിക്കാനും ഭരണഘടനയുടെ പരിപാവനത കാത്തുസൂക്ഷിക്കാനും അദ്ദേഹം എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു. രാഷ്ട്രപതിപദവി കേവലം ഭരണഘടനാപരമായ ഒരു അലങ്കാരം മാത്രമല്ലെന്നും പ്രസിഡന്റിന്റെ വിവേചനാധികാരം വിവേകത്തോടെ പ്രയോഗിക്കാനാകുമെന്നും അദ്ദേഹം പലവുരു തെളിയിച്ചു. കെ. ആർ. നാരായണൻ നല്ലൊരു എഴുത്തുകാരൻ കൂടിയായിരുന്നു. "നെഹ്റുവും അദ്ദേഹത്തിന്റെ ദർശനവും", "ഇൻഡ്യയും അമേരിക്കയും", "ഭാവനയും ഉൾക്കാഴ്ചയും" തുടങ്ങിയ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. മഹാത്മാഗാന്ധി, ഡോ. ബി. ആർ. അംബേദ്കർ, ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി തുടങ്ങിയ അനേകം പ്രമുഖരുമായിട്ടുള്ള ഇടപഴകൽ കെ. ആർ. നാരായണന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കെ. ആർ. നാരായണനെ ഇൻഡ്യ കണ്ടെത്തുംമുമ്പ് കെ. ആർ. നാരായണൻ ഇൻഡ്യയെ കണ്ടെത്തിയിരുന്നു. ആ മഹാ വ്യക്തിത്വം അവശേഷിപ്പിച്ചിട്ടുപോയ നന്മകൾ വരും തലമുറയ്ക്ക് ഊർജ്ജം പകരും. അയിത്തോച്ചാടനത്തിലൂടെ സാമൂഹ്യനീതിക്കുവേണ്ടി തന്റെ കർമ്മരംഗം മാറ്റിവെച്ച ഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ചുകൊണ്ടാണ് കേരളത്തിന്റെ അഭിമാനഭാജനമായ കെ. ആർ. നാരായണൻ രാഷ്ട്രപതി പദത്തിലേക്ക് ഉയർത്തപ്പെട്ടത്. സമകാലിക ഭാരതീയ ചരിത്രത്തിൽ സജീവ സാന്നിദ്ധ്യമായിരുന്ന കെ. ആർ. നാരായണൻ ഇപ്പോൾ ചരിത്രത്തിന്റെ ഭാഗമായി. അധഃസ്ഥിത-പിന്നോക്ക വിഭാഗങ്ങളിൽ നിന്ന്, വ്യക്തിപരമായ കഴിവും സ്വഭാവവൈശിഷ്ട്യവും കഠിനാദ്ധ്വാനവും കൊണ്ട് രാഷ്ട്രത്തിലെ ഏറ്റവും ഉന്നതമായ പദവിവരെ ക്രമാനുഗതമായി എത്തിച്ചേർന്ന കെ. ആർ. നാരായണൻ ഈ രാജ്യത്തെ യുവതലമുറയ്ക്ക് എക്കാലവും മാർഗ്ഗദർശിയും പ്രചോദനവും ആയിരിക്കും. ദീപ്തമായ ആ സ്മരണയ്ക്കു മുന്നിൽ ഈ സഭ പ്രണാമം അർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അന്തരിച്ച കെ. ആർ. നാരായണനെ കുറിച്ച് അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. അന്തരിച്ച നമ്മുടെ മുൻ പ്രധാനമന്ത്രിമാരായ, ആരാധ്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അന്ത്യവിശ്രമം കൊള്ളുന്ന ശാന്തിവനത്തിനും ആരാധ്യനായ ലാൽ ബഹദൂർ ശാസ്ത്രി അന്ത്യവിശ്രമം കൊള്ളുന്ന വിജയ്ഘട്ടിനും മധ്യേ 'കർമ്മഭൂമി'യിൽ അന്ത്യവിശ്രമം കൊള്ളുന്ന കെ. ആർ. നാരായണന് എന്റെ പ്രണാമം. കെ. ആർ. നാരായണൻ ഭാരതത്തിന്റെ അഭിമാനമാണ്. കേരളത്തിന്റെ മഹാനായ പുത്രനാണ്. കേരളത്തിലെ ഉഴവൂർ എന്ന കൊച്ചു ഗ്രാമത്തിലെ ചെറ്റക്കുടിലിൽ നിന്ന് ഡൽഹിയിലെ രാഷ്ട്രപതി ഭവനിലെത്തിയ ഒരത്ഭുത പ്രതിഭാസമാണ് കെ. ആർ. നാരായണൻ. ദാരിദ്ര്യത്തിൽ തളരാത്ത, ഉന്നതിയിൽ അഹങ്കരിക്കാത്ത, ലോക നേതാക്കളിൽ നിന്ന് വ്യത്യസ്തമായ ഒരു വ്യക്തിത്വത്തിനുടമയാണ് കെ. ആർ. നാരായണൻ. വളരെ പരിമിതമായ ജീവിത സാഹചര്യങ്ങളിലാണ് ജനിച്ചുവളർന്നതെങ്കിലും ജന്മസിദ്ധമായ വാസനാവൈഭവവും വളർന്ന് വലുതാകാനുള്ള അദമ്യമായ ആഗ്രഹവും നിശ്ചയദാർഢ്യവുമുള്ള ഒരു പരിശ്രമശാലിക്ക് അപ്രാപ്യമായ യാതൊന്നും ഇല്ലെന്ന് ഉദാഹരിക്കുന്നതായിരുന്നു കെ. ആർ. നാരായണന്റെ ജീവിതം. താൻ ജനിച്ചുജീവിച്ച സാഹചര്യങ്ങളുടെ പരാധീനതകളെപ്പറ്റി പരിഭവിച്ച് മനസ്സിടറാതെ സ്വന്തം ഇച്ഛാശക്തിയുടെ പിൻബലത്തോടെ വളർച്ചയുടെ പടവുകൾ ഒന്നൊന്നായി കയറി രാഷ്ട്രത്തിന്റെ അത്യുന്നത പദവിയിൽ അദ്ദേഹം എത്തുകയായിരുന്നു. വളരെയധികം സമർത്ഥനായ ഒരു വിദ്യാർത്ഥി ഒന്നാം റാങ്കോടുകൂടി കേരള യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് പാസ്സായി. അതുവരെ അവിടെയുണ്ടായിരുന്ന ഒരു പൊതുവായ ധാരണ ഒന്നാം റാങ്കുകാരനെ അവിടെ ലക്ചററായി നിയമിക്കുക എന്നുള്ളതായിരുന്നു. കെ. ആർ. നാരായണൻ അതിന് അപേക്ഷ കൊടുത്തുവെങ്കിലും അദ്ദേഹത്തിന് ജോലി ലഭിച്ചത് ലക്ചററായിട്ടായിരുന്നില്ല ഒരു ക്ളാർക്കായിട്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ആ ജോലി സ്വീകരിക്കാതെ ഡൽഹിയിൽപ്പോയി പത്രപ്രവർത്തകനായി. അവിടെ ആ നിലയിൽ അദ്ദേഹത്തിന് മഹാത്മജിയേയും ഡോ. ബി. ആർ. അംബേദ്കറേയും മറ്റും നേരിട്ട് കാണാനും ഇന്റർവ്യൂ ചെയ്യാനും അവരുമായി അടുത്ത ബന്ധം പുലർത്താനും സാധിച്ചു. അദ്ദേഹത്തിന് അവരുമായിട്ടുള്ള അടുപ്പം പലവിധത്തിലും തന്റേതായ വ്യക്തിത്വം വളർത്തിയെടുക്കാൻ സാധിച്ചു. അദ്ദേഹത്തിന്റെ ഗുരുവായ പ്രൊഫ. ഹാരോൾഡ് ലാസ്കി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ പരിചയപ്പെടുത്തി. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കെ. ആർ. നാരായണനിൽ വലിയ ഗുണം കണ്ടെത്തി അദ്ദേഹത്തെ വിദേശകാര്യ സർവ്വീസിൽ നിയമിച്ചു. കേരളീയനായ, കേരളത്തിന്റെ അഭിമാനമായി എന്നും നിന്നിട്ടുള്ള കെ. പി. എസ്. മേനോൻ കെ. ആർ. നാരായണന് എല്ലാ വിധത്തിലുള്ള സഹായസഹകരണങ്ങളും നൽകി. ആ സഹായത്തോടെ കെ. ആർ. നാരായണൻ ഇന്ത്യയിലെ ഏറ്റവും നല്ലൊരു നയതന്ത്രജ്ഞനെന്ന നിലയിൽ വളർന്നുവന്നു. ഇന്ത്യ-ചൈന ബന്ധം വഷളായ സാഹചര്യത്തിൽ അത് മെച്ചപ്പെടുത്തുന്നതിന് നിർണ്ണായകമായ പങ്കുവഹിച്ച ഒരു വ്യക്തിയായിരുന്നു കെ. ആർ. നാരായണൻ. അതുപോലെതന്നെ അമേരിക്കയുമായി നല്ല ബന്ധം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിലും കെ. ആർ. നാരായണൻ വിജയിച്ചു. ചൈനയുമായും അമേരിക്കയുമായും നയതന്ത്ര ബന്ധങ്ങളിൽ ഒരുപോലെ നമ്മുടെ രാജ്യത്തിന് ധീരമായ സംഭാവന നൽകിയിട്ടുള്ള ഒരു നയതന്ത്രജ്ഞൻ എന്നുള്ള ബഹുമതി കൂടി കെ. ആർ. നാരായണനുണ്ട്. അദ്ദേഹം തന്റെ ഔദ്യോഗിക ജീവിതം അവസാനിപ്പിച്ച ശേഷം പൊതുരംഗത്തേക്ക് വരാൻ തീരുമാനിക്കുകയും ഇന്ദിരാഗാന്ധിയെ നേരിട്ട് കണ്ട് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഇന്ദിരാഗാന്ധി മരിക്കുന്നതിന് മുന്നു ദിവസം മുമ്പായിരുന്നു ഈ സംഭവം. ഇന്ദിരാഗാന്ധി മരിച്ച ഒക്ടോബർ 31-ാം തീയതിയാണ് കെ. ആർ. നാരായണൻ ഇന്ദിരാഗാന്ധിയെ കണ്ടതും ഇന്ദിരാഗാന്ധി കോൺഗ്രസ്സിലേക്ക് അദ്ദേഹത്തെ സ്വാഗതം ചെയ്തു എന്നുള്ള വാർത്ത വരുന്നതും. അതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ മുന്നുപ്രാവശ്യവും കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി ഒറ്റപ്പാലത്തുനിന്ന് മത്സരിച്ചു ജയിച്ചുവന്ന അദ്ദേഹത്തെ രാജീവ്ഗാന്ധി തന്റെ മന്ത്രിസഭയിലെ ഒരംഗമാക്കി. മന്ത്രി എന്ന നിലയിലും പാർലമെന്റ് അംഗമെന്ന നിലയിലും പൊതുപ്രവർത്തകൻ എന്ന നിലയിലും കെ. ആർ. നാരായണൻ തന്റെ കഴിവും ആത്മാർത്ഥതയും സത്യസന്ധതയും തെളിയിച്ചു. 1992-ൽ ശ്രീ. പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായ ഗവൺമെന്റ് അദ്ദേഹത്തെ ഉപരാഷ്ട്രപതി സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. പല വിധത്തിലുള്ള എതിർപ്പുകൾ പല ഭാഗങ്ങളിൽനിന്നും ഉണ്ടായി എങ്കിലും കെ. ആർ. നാരായണനെയാണ് അതിന് ഏറ്റവും യോഗ്യനായ സ്ഥാനാർത്ഥി എന്ന നിലയിൽ തെരഞ്ഞെടുത്തത്. 1997-ൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി കൊണ്ടാടുന്ന അവസരത്തിൽ ഇന്ത്യയുടെ രാഷ്ട്രപതിയായി കെ. ആർ. നാരായണൻ ഉയർത്തപ്പെട്ടത് ഒരു പ്രത്യേകതയാണ്. കാരണം അതിനെ ഗാന്ധിജിയുടെ സുവർണ്ണ സ്വപ്നമെന്നുവേണമെങ്കിൽ പറയാം. മഹാത്മജിയുടെ സ്വപ്ന സാക്ഷാത്കാരം കൂടിയായിരുന്നു സ്വാതന്ത്ര്യ സുവർണ്ണ ജൂബിലിയിലുണ്ടായത്. ഉപരാഷ്ട്രപതി എന്ന നിലയിലും രാഷ്ട്രപതി എന്ന നിലയിലും അദ്ദേഹത്തിന്റെ സംഭാവനകൾ ഭാരതം എന്നുമെന്നും ഓർക്കും. കേവലം ഒരു സ്ഥാനത്തിരിക്കുക മാത്രമല്ല ആ സ്ഥാനത്ത് തനിക്കുള്ള വിവേചനാധികാരം ഏതൊക്കെ വിധത്തിൽ ഉപയോഗിക്കാൻ സാധിക്കുമെന്ന് അദ്ദേഹം രാഷ്ട്രത്തിന് കാണിച്ചുതന്നു. ഭരണഘടനയിൽ മാറ്റങ്ങൾ വരുത്തുന്നതിന് ചില ശ്രമങ്ങൾ വന്നപ്പോഴും ഇന്ത്യൻ മതേതരത്വത്തിന് പോറൽ ഏൽക്കുമോ എന്ന് സംശയമുണ്ടാക്കുന്ന ചില സംഭവങ്ങൾ ഉണ്ടായപ്പോഴും അദ്ദേഹം നടത്തിയ ഇടപെടലുകൾ സമയോചിതവും സന്ദർഭോചിതവുമായിരുന്നു. അങ്ങനെ എല്ലാ അർത്ഥത്തിലും കെ. ആർ. നാരായണൻ വഹിച്ചിട്ടുള്ള ഉന്നതമായ സ്ഥാനങ്ങളോട് അദ്ദേഹം പൂർണ്ണമായും നീതിപുലർത്തിയിരുന്നു. വിദേശ രാജ്യങ്ങളിലാകുമ്പോഴും വിദേശത്ത് നീണ്ടകാലം കഴിയുമ്പോഴും അദ്ദേഹം കേരളത്തെ മറന്നില്ല; മലയാളിയെ മറന്നില്ല. ഔദ്യോഗിക ചടങ്ങുകളില്ലാത്ത അവസരങ്ങളിലൊക്കെ അദ്ദേഹം തനി കേരളീയ വേഷത്തിൽ വരുവാനാണ് ആഗ്രഹം പ്രകടിപ്പിച്ചത്. അങ്ങുതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ചില ഉദ്ധരണികൾ ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു. അങ്ങനെ എന്നും കേരളത്തിന്റെ അഭിമാനമായ, ഭാരതം എന്നെന്നും സ്മരിക്കപ്പെടുന്ന കെ. ആർ. നാരായണന്റെ ഈ വേർപാട് നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

വലിയൊരു നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഈ സഭ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധത്തിൽ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കാൻ വേണ്ടിമാത്രം കൂടുന്നു എന്നുള്ളതുതന്നെ അതിന്റെ പ്രത്യേകത വിളിച്ചറിയിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണ എന്നും നിലനിർത്തണം. പുതിയ തലമുറയ്ക്ക് അദ്ദേഹത്തിന്റെ സേവനങ്ങളും സംഭാവനകളും എന്നും അറിയണം. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അത്ഭുതകരമായ വളർച്ച എന്നും പുതിയ തലമുറയ്ക്ക് ഒരു പ്രചോദനമായിരിക്കണം. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനുവേണ്ടി ചില സ്മാരകങ്ങളെ സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം തലസ്ഥാനനഗരിയിൽ ആക്കുളത്ത് 140 കോടി രൂപ മുതൽമുടക്കുവരുന്ന ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ അദ്ദേഹത്തിന്റെ നാമധേയത്തിൽ തുടങ്ങുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെ സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള-യുടെ നിയന്ത്രണത്തിൽ കോട്ടയം ജില്ലയിലെ തെക്കുംതളിയിൽ ദൃശ്യ-ശ്രവ്യ മേഖലകളിലെ പരിശീലന ഗവേഷണകേന്ദ്രം സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. കെ. ആർ. നാരായണന്റെ നാമധേയത്തിൽ ആ സ്ഥാപനം തുടങ്ങുന്നതിന് തീരുമാനിച്ചു. ഒരുപക്ഷേ ഇന്ത്യയിൽ കെ. ആർ. നാരായണന്റെ പേരിൽ ആദ്യമായി തുടങ്ങുന്ന സ്ഥാപനം അതുതന്നെയായിരിക്കും. അതോടൊപ്പം അദ്ദേഹത്തിന്റെ ജന്മനാടായ ഉഴവൂരിലും സമുചിതമായ ഒരു സ്മാരകമുണ്ടാക്കണമെന്നുള്ള ആഗ്രഹം വന്നിട്ടുണ്ട്. അതും തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അവിടത്തെ ജനപ്രതിനിധികൂടിയായ റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവിടെയുള്ളവരുമായി ആലോചിച്ച് ഒരു നിർദ്ദേശം തരാനായി ആവശ്യപ്പെട്ടിരിക്കുകയാണ്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെ. ആർ. നാരായണന്റെ ജന്മനാടായ ഉഴവൂരിൽ ഏറ്റവും ഉചിതമായ ഒരു സ്മാരകം കൂടി സ്ഥാപിക്കുമെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അദ്ദേഹത്തിന്റെ പത്നി ശ്രീമതി ഉഷാനാരായണനോടും മക്കളായ ശ്രീമതി ചിത്രയോടും ശ്രീമതി അമൃതയോടും അദ്ദേഹത്തിന്റെ ദുഃഖത്തിൽ കഴിയുന്ന ഈ രാഷ്ട്രത്തിലെ മുഴുവൻ ജനങ്ങളോടും അനുശോചനം അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അന്തരിച്ച മുൻ രാഷ്ട്രപതിയെ സംബന്ധിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. പാവപ്പെട്ടവനായി ജനിച്ച്, കുടിലിൽനിന്ന് ഇന്ത്യയുടെ ഉന്നതമായ രാഷ്ട്രപതി മന്ദിരത്തിലേക്കുള്ള പ്രയാണം രാഷ്ട്രപിതാവായിരുന്ന മഹാത്മാഗാന്ധിയുടെ സ്വപ്നസാക്ഷാത്കാരമായാണ് കാണേണ്ടത്. പ്രാഥമിക വിദ്യാഭ്യാസം നേടി സ്വന്തം സാമർത്ഥ്യംകൊണ്ടും അർപ്പണ മനോഭാവംകൊണ്ടും പടിപടിയായി ഉയർന്ന് തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്നും സ്വർണ്ണ മെഡലോടുകൂടി ഉന്നത വിജയം കൈവരിച്ചു. ഒഴിവുവന്ന അദ്ധ്യാപക സ്ഥാനത്തിനും അപേക്ഷകനായി. പക്ഷേ ആ അപേക്ഷ തിരസ്കരിക്കപ്പെടുകയും വളരെ താഴ്ന്ന നിലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഓഫർ അദ്ദേഹത്തിനു നൽകുകയുമാണുണ്ടായത്. ബിരുദധാരിയായി തിരുവിതാംകൂർ സർക്കാർ സർവ്വീസിൽ പ്രവേശിക്കുവാൻ ഡോ. പൽപ്പു അഭ്യർത്ഥന നടത്തിയപ്പോഴും, "നല്ല പത്ത് തെങ്ങ് നോക്കു പൽപ്പു" എന്നാണ് അദ്ദേഹത്തിൽ നിന്ന് ലഭിച്ച മറുപടി. ആ ഓഫർ അദ്ദേഹത്തിന് നൽകിയവരുടെ മുഖത്തെറിഞ്ഞിട്ട്, തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ ബിരുദം തന്നെ വലിച്ചെറിഞ്ഞിട്ട്, അദ്ദേഹം ഡൽഹിയിലേക്കു പോയി. പിന്നീട് പത്രപ്രവർത്തന രംഗത്ത് അദ്ദേഹം പ്രവർത്തിച്ചു. അതിനുശേഷം ലണ്ടനിൽ പോയി. സാമ്പത്തിക രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലെല്ലാം അദ്ദേഹത്തിന് അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു. ഹാരോൾഡ് ലാസ്കിയുടെ ശിക്ഷണത്തിൽ പഠിച്ച് ബിരുദമെടുത്ത് ഇന്ത്യയിൽ എത്തിയ അദ്ദേഹത്തെ ആദ്യത്തെ പ്രധാനമന്ത്രി വിദേശ നയതന്ത്രപരമായ രംഗങ്ങളിൽ ചുമതലപ്പെടുത്തിയത് പ്രത്യേകം സ്മരണീയമാണ്. അംബാസിഡറായി ചൈനയിലും അമേരിക്കയിലും വിശിഷ്ടമായ സേവനം കാഴ്ച വച്ചിട്ടുള്ളതും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. അതുപോലെതന്നെ രാഷ്ട്രപതി സ്ഥാനത്തിരുന്നുകൊണ്ട് ഭരണകക്ഷിയുടെ ഒരു റബ്ബർ സ്റ്റാമ്പായി പ്രവർത്തിക്കാൻ കൂട്ടാക്കാതെ, ഗുജറാത്തിലെ അത്യന്തം നീചവും ഹീനവുമായ സംഭവത്തെ സംബന്ധിച്ച് അന്നത്തെ പ്രധാനമന്ത്രിയെ ഉപദേശിക്കുംവിധം തന്റെ അഭിപ്രായം ദൃഢമായി പ്രകടിപ്പിക്കുന്നതിന് അദ്ദേഹത്തിന് ഒരു തരത്തിലുള്ള വിഷമവും ഉണ്ടായിരുന്നില്ല. ആ ഉപദേശം പരിഗണിക്കപ്പെടാതെ പോയെങ്കിലും രാഷ്ട്രപതിയായിരിക്കുമ്പോൾ അതു സംബന്ധിച്ചുള്ള കാര്യങ്ങൾ പുറത്താകുന്നതു ശരിയല്ലെന്നു മനസ്സിലാക്കിയ അദ്ദേഹം രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞതിനുശേഷം താൻ പ്രകടിപ്പിച്ച അഭിപ്രായം രാഷ്ട്രത്തിന്റെ മുമ്പിൽ വെളിപ്പെടുത്തിയിട്ടുള്ളത് നമുക്കെല്ലാം അറിയാവുന്നതാണ്. അതു പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ല. കേരളം ലോകത്തിനു നൽകിയ അതിവിശിഷ്ടമായ ഒരു ഉപഹാരമായിരുന്നു ആ വിശിഷ്ട വ്യക്തിത്വം. അദ്ദേഹത്തിന്റെ സർവ്വതലസ്പർശിയായ വിജയങ്ങളും നേട്ടങ്ങളും സമീപനങ്ങളും ഭാവിതലമുറയ്ക്ക് കണിശമായും അഭിമാനാർഹമായ വസ്തുതകൾ തന്നെയാണ്. ആ നിലയിൽ അദ്ദേഹത്തെ ആദരിക്കാനും അദ്ദേഹത്തിന്റെ സ്മരണ പുതുക്കാനും നമുക്കെല്ലാം കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വേർപാടിൽ അദ്ദേഹത്തിന്റെ സന്തപ്ത കുടുംബങ്ങളോടുള്ള ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. നിർത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇവിടെ നമ്മുടെ അഭിവന്ദ്യനായ മുൻ രാഷ്ട്രപതിയെക്കുറിച്ച് പ്രകടിപ്പിക്കപ്പെട്ട ആദരവു നിറഞ്ഞ അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. കേരളം ലോകത്തിനും ഭാരതത്തിനും നൽകിയിട്ടുള്ള ഏറ്റവും വലിയ ഒരു പ്രതിഭയാണ് അടുത്ത കാലത്ത് നമ്മെ വിട്ടുപോയത്. പിന്നോക്ക ജനവിഭാഗങ്ങളിൽ നിന്ന് ഉയർന്നുവന്ന് രാഷ്ട്രപതി വരെ എത്തിയ കേരളീയൻ എന്ന നിലയ്ക്കാണ് ഓരോ കേരളീയന്റെയും മനസ്സിൽ അദ്ദേഹത്തെക്കുറിച്ചുള്ള ആദരവുള്ളത്. ആ മഹാപ്രതിഭയെ സംബന്ധിച്ചിടത്തോളം ഉന്നതസ്ഥാനത്തിരിക്കുമ്പോഴും സാമൂഹ്യ അനീതിയോടും ഉച്ചനീചത്വത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സമീപനത്തോടും വർഗ്ഗീയ സമീപനങ്ങളോടും വിട്ടുവീഴ്ചയില്ലാതെയാണ് അദ്ദേഹം എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. ഉന്നതമായ സ്ഥാനത്തിരിക്കുമ്പോഴും അദ്ദേഹം ആശയത്തിന്റെയും തത്വത്തിന്റെയും പ്രതീകമായിരുന്നു. ഒറ്റപ്പാലത്ത് അദ്ദേഹം സ്ഥാനാർത്ഥിയാകുന്ന സന്ദർഭത്തിൽ, അദ്ദേഹത്തോട് ഒന്നിച്ച് പ്രവർത്തിക്കുവാൻ എനിക്ക് സന്ദർഭം കിട്ടിയത് ഞാൻ ഓർക്കുകയാണ്. ഇവിടെ അദ്ദേഹത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ എന്റെ പ്രസ്ഥാനത്തിന്റെ പൂർണ്ണ ആദരവ് ആത്മാർത്ഥമായും അദ്ദേഹത്തിനു കൊടുക്കാൻ എനിക്കു തോന്നുന്നു. കാരണം രാഷ്ട്രപതിയായിരുന്നപ്പോഴും അതിനു മുമ്പും അദ്ദേഹത്തിന്റെ പെരുമാറ്റം ഒരുപോലെയായിരുന്നു. രാഷ്ട്രപതിയായതിനുശേഷം ഞങ്ങളുടെ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ചടങ്ങുകളിൽ പങ്കെടുക്കാൻ വേണ്ടി അദ്ദേഹത്തെ ക്ഷണിച്ചാൽ അദ്ദേഹം പങ്കെടുക്കുമായിരുന്നു. പ്രത്യേകിച്ചും ഞങ്ങളുടെ അധ്യക്ഷൻ പാണക്കാട് മുഹമ്മദാലി ശിഹാബ് തങ്ങളുമായി വ്യക്തിപരമായ ഒരു ആദരവ് എപ്പോഴും അദ്ദേഹം പരസ്യമായിത്തന്നെ പ്രകടിപ്പിച്ചിരുന്നു. ഒറ്റപ്പാലം സ്ഥാനാർത്ഥിയായിരുന്ന സന്ദർഭത്തിൽ ആ ബന്ധം വളരെ സുദൃഢമായിരുന്നു. അത് അവസാനം വരെ തുടർന്നു എന്ന് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. ഏത് സ്ഥാനത്ത് എത്തിയാലും ശരി കഴിഞ്ഞതു മറക്കാത്ത ഒരു പ്രത്യേകത കെ. ആർ. നാരായണനെ സംബന്ധിച്ചുണ്ടായിരുന്നു. ഇരട്ട സമീപനം എടുക്കുന്ന ആളായിരുന്നില്ല കെ. ആർ. നാരായണൻ. അത്തരത്തിലുള്ള ഒട്ടേറെ നല്ല ഓർമ്മകൾ ഞാൻ ഉൾക്കൊള്ളുന്ന പ്രസ്ഥാനം വച്ചുപുലർത്തുന്നുണ്ട്. പല ചടങ്ങുകളും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അറിയിക്കുന്ന രംഗങ്ങളുമൊക്കെ ചരിത്രപരമായ മുതൽക്കൂട്ടായി ഇപ്പോഴും ഞങ്ങൾ സൂക്ഷിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കെ. ആർ. നാരായണൻ തീർച്ചയായും കേരളത്തിന്റെ അഭിമാനത്തിന്റെ പ്രതീകമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ പറഞ്ഞതുപോലെ, സ്വപരിശ്രമത്തിലൂടെ രാജ്യത്തിലെ ഏറ്റവും വലിയ ഉന്നതപദവിയിൽ ഒരു കേരളീയന് എത്താൻ കഴിയുമെന്ന് ലോകം മുഴുവൻ കാണിച്ചു കൊടുത്ത ഒരു പ്രതിഭയായിരുന്നു കെ. ആർ. നാരായണൻ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ആത്മാർത്ഥമായ ദുഃഖം എല്ലാവർക്കുമുണ്ട്. സഭ ചേർന്ന് അത് പ്രകടിപ്പിച്ചത് വളരെ ഉചിതമായി. അതിലും ഞങ്ങൾ പങ്ക് ചേരുകയാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോട് അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറും കക്ഷിനേതാക്കളും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. മുൻ രാഷ്ട്രപതിയുടെ വേർപാടിലുള്ള ദുഃഖവും അനുശോചനവും എന്റെ പേരിലും എന്റെ പാർട്ടിയുടെ പേരിലും ഞാൻ രേഖപ്പെടുത്തുന്നു. അദ്ദേഹത്തോടുള്ള എന്റെ എല്ലാ ആദരവും ബഹുമാനവും ഞാൻ അർപ്പിക്കുകയാണ്. അധഃസ്ഥിത വർഗ്ഗത്തിൽ ജനിച്ച് അവർണ്ണനെന്ന് മുദ്ര കുത്തപ്പെട്ട് അകറ്റി നിർത്തുകയും ആട്ടിയോടിക്കുകയും ചെയ്ത ഒരു സാഹചര്യത്തിൽ, ആ അനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നാണ് കെ. ആർ. നാരായണൻ തന്റെ ബാല്യകാലം മുതൽ അവസാനകാലംവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വളർച്ചയും ജീവിതവും വീക്ഷണവും പ്രവർത്തനവുമെല്ലാം പടുത്തുയർത്തിയത്. ഇവിടെ നേരത്തേ പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞതിനുശേഷം അദ്ദേഹം നടത്തിയ ചില ഇന്റർവ്യൂകളുണ്ട്. അതിലൊക്കെ അദ്ദേഹം പ്രകടിപ്പിച്ച ചില അഭിപ്രായങ്ങൾ പുറത്തുവന്നിട്ടുണ്ട്. അതൊക്കെ ചർച്ച ചെയ്യപ്പെടേണ്ട വളരെ ഗൗരവമായ കാര്യങ്ങളാണ്. ബാബറി മസ്ജിദ് തകർക്കപ്പെട്ട സന്ദർഭത്തിൽ അദ്ദേഹം രാജ്യസഭാദ്ധ്യക്ഷനായിരുന്നു. മഹാത്മാഗാന്ധിയുടെ കൊലപാതകത്തിനു ശേഷമുണ്ടായ ഏറ്റവും ഘോരമായ ദുരന്തമാണ് ബാബറി മസ്ജിദിന്റെ തകർച്ച എന്നാണ് അദ്ദേഹം പറഞ്ഞത്. അതിലൊക്കെ അദ്ദേഹത്തിന്റെ അഭിപ്രായവും ആത്മാർത്ഥതയും വീക്ഷണവുമെല്ലാം പല സന്ദർഭങ്ങളിലും പ്രകടമാക്കപ്പെട്ടിട്ടുണ്ട്. അതുപോലെ ഗുജറാത്തിൽ നരഹത്യ നടന്ന സന്ദർഭത്തിൽ രാഷ്ട്രപതിയെന്ന നിലയിൽ പരമോന്നത സ്ഥാനത്തിരുന്ന അദ്ദേഹം പ്രധാനമന്ത്രിക്ക് നൽകിയ നിർദ്ദേശങ്ങളിൽ അദ്ദേഹത്തിന്റെ ശക്തമായ ചില അഭിപ്രായങ്ങൾ പറഞ്ഞിരുന്നു. വർഗ്ഗീയ സംഘർഷമായി ഒട്ടേറെപ്പേരുടെ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യങ്ങളൊക്കെ ഒഴിവാക്കാൻ കഴിയുമായിരുന്ന വിധത്തിൽ അദ്ദേഹം പ്രധാനമന്ത്രിക്ക് നൽകിയ നിർദ്ദേശങ്ങളൊക്കെ തീർച്ചയായിട്ടും ചർച്ച ചെയ്യപ്പെടണം. അതൊക്കെ ജനങ്ങൾ അറിയേണ്ട അഭിപ്രായങ്ങളാണ്. അതുപോലെ ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉദാരവൽക്കരണ നയങ്ങൾ നടപ്പിലാക്കുമ്പോൾ ഭരണാധികാരികൾ പ്രകടിപ്പിക്കേണ്ടത്, അല്ലെങ്കിൽ അവർ ചിന്തിക്കേണ്ടത് മനുഷ്യനന്മയെ ലക്ഷ്യമാക്കിയായിരിക്കണം. അത് ലക്ഷ്യമാക്കി പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആഗോളവൽക്കരണത്തിന്റെ അപകടകരമായ ഒരുപാട് പരിണതഫലങ്ങൾ നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും പാതയിലൂടെയുള്ള പ്രയാണത്തിൽ ആ പാത മുറിച്ചുകടക്കാൻ കഴിയാതെ ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് കിടപ്പാടം ലഭിക്കാൻ, ഭൂമി ലഭിക്കാൻ, വീട് ലഭിക്കാൻ, കുടിവെള്ളം ലഭിക്കാൻ, തൊഴിൽ ലഭിക്കാൻ, പട്ടിണിയില്ലാതെ ജീവിക്കാൻ കഷ്ടപ്പെടുന്ന ജനകോടികളുടെ പ്രശ്നങ്ങളും വേദനകളും വിഷമങ്ങളുമായിരുന്നു എപ്പോഴും അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നത്. ശുദ്ധജലം ലഭിക്കാൻവേണ്ടി ആയിരത്തിലേറെ ദിവസങ്ങളായി സമരം ചെയ്യുന്ന ആദിവാസികൾ, പാവപ്പെട്ട ജനങ്ങൾ ശ്രീമതി മയിലമ്മയെപ്പോലുള്ള ആദരണീയരായ വ്യക്തികൾ നടത്തുന്ന സമരങ്ങളൊക്കെ നമ്മുടെ മുൻപിൽ ഇപ്പോഴും സജീവമായ ചർച്ചാവിഷയങ്ങളാണ്. അതുകൊണ്ട് മുൻരാഷ്ട്രപതി കെ. ആർ. നാരായണനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അദ്ദേഹത്തെ കുറിച്ച് നമ്മുടെ ആദരവും ബഹുമാനവുമൊക്കെ പ്രകടിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ വീക്ഷണങ്ങളും അഭിപ്രായങ്ങളും കൂടി ചർച്ച ചെയ്യപ്പെടണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒരു കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. അദ്ദേഹം രാഷ്ട്രീയത്തിൽ വന്ന കാര്യങ്ങളും തെരഞ്ഞെടുപ്പിൽ മത്സരിച്ച കാര്യങ്ങളും കേന്ദ്രമന്ത്രിയായ കാര്യങ്ങളുമൊക്കെ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ആരായിരിക്കണം ഇൻഡ്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉപരാഷ്ട്രപതിയെന്നുള്ള ചർച്ചയുടെ സന്ദർഭത്തിൽ ഇൻഡ്യയിലെ ഇടതുപക്ഷ പാർട്ടികൾ വളരെ ശക്തമായ ചില അഭിപ്രായങ്ങളും നിലപാടുകളും എടുത്തിരുന്നു. ആ ശക്തമായ നിലപാടുകളും അഭിപ്രായങ്ങളുമായിരുന്നു കെ. ആർ. നാരായണനെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയാക്കാനും അതിന്റെ തുടർച്ചയായി പിന്നീട് രാഷ്ട്രപതി ആയി തെരഞ്ഞെടുക്കപ്പെടാനും ഇടയായത്. അദ്ദേഹത്തോട് ഏറ്റവും അടുപ്പമുള്ള, അടുത്തുപെരുമാറിയിരുന്ന ഞങ്ങളുടെ പാർട്ടിയുടെ പ്രധാനപ്പെട്ട നേതാവ് സഖാവ് എൻ. ഇ. ബലറാം ആ കാര്യത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച കാര്യംകൂടി ഈ സന്ദർഭത്തിൽ സ്മരിക്കുകയാണ്. മുഖ്യമന്ത്രി ഇവിടെ സ്മാരക നിർമ്മാണത്തെ കുറിച്ച് പറഞ്ഞു. ഒരു പ്രത്യേക അസംബ്ലി സമ്മേളനംതന്നെ വിളിച്ചുകൂട്ടി കെ. ആർ. നാരായണനോടുള്ള ആദരവും ബഹുമാനവും പ്രകടിപ്പിക്കാൻ അങ്ങും ഗവൺമെന്റും കാണിച്ച താൽപ്പര്യം, അതിന് ബഹുമാനപ്പെട്ട സ്പീക്കർ എടുത്ത മുൻകൈ ഇതിനെയൊക്കെ ഞാൻ അഭിനന്ദിക്കുകയാണ്. സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് പത്രങ്ങളിൽ പല തരത്തിലുള്ള വാർത്തകൾ വന്നിട്ടുണ്ട്. അതു സംബന്ധിച്ച് ഒരു പൊതു അഭിപ്രായസമന്വയമുണ്ടാക്കണം. അതായിരിക്കും നല്ലത്. അദ്ദേഹത്തിന് നിത്യസ്മാരകം വേണമെന്നും അദ്ദേഹത്തിന്റെ ജീവിതം എല്ലാപേർക്കും എന്നും സ്മരിക്കാൻ കഴിയുന്നതായിരിക്കണമെന്നുമുള്ള കാര്യത്തിൽ നമുക്കെല്ലാം ഒരേ അഭിപ്രായമാണുള്ളത്. അതുകൊണ്ട് ആ സ്മാരകവുമായി ബന്ധപ്പെട്ട് അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടല്ല ഞാൻ പറയുന്നത്. എന്നാലും അതിനെക്കുറിച്ച് ഒരു പൊതു ചർച്ചയും അഭിപ്രായ സമന്വയവും ഉണ്ടാക്കുന്നത് നന്നായിരിക്കും. വ്യക്തിപരമായ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അദ്ദേഹത്തെ രാഷ്ട്രപതി ആയി തെരഞ്ഞെടുക്കപ്പെടുന്ന സന്ദർഭത്തിൽ, പ്രസിഡന്റായി അദ്ദേഹം മത്സരിച്ച സന്ദർഭത്തിൽ, നമ്മൾ എല്ലാപേരും അന്നത്തെ കേരള നിയമസഭയിലുള്ള അംഗങ്ങൾ ഒന്നിച്ച് വോട്ട് ചെയ്താണ് വൻ ഭൂരിപക്ഷത്തിൽ വിജയിപ്പിച്ചത്. ആ തെരഞ്ഞെടുപ്പിൽ ചീഫ് ഇലക്ഷൻ ഏജന്റുമാരായി അന്ന് പ്രവർത്തിക്കാൻ ചുമതലപ്പെടുത്തിയ മൂന്ന് പേരിൽ ഒരാളായി എന്നെ ചുമതലപ്പെടുത്തിയതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. മറ്റ് രണ്ട് ചീഫ് ഇലക്ഷൻ ഏജന്റുമാർ ശ്രീ. പി. പി. തങ്കച്ചനും, സഖാവ് ടി. കെ. ഹംസയുമായിരുന്നു. അദ്ദേഹത്തിന്റെ ചീഫ് ഇലക്ഷൻ ഏജന്റായി പ്രവർത്തിക്കാൻ അവസരം കിട്ടിയത് എന്റെ പൊതു ജീവിതത്തിൽ ഏറ്റവും വലിയ അഭിമാനമായി ഞാൻ കാണുകയാണ്. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു. അദ്ദേഹത്തോടുള്ള എല്ലാവിധ ആദരവും ബഹുമാനവും ഒന്നുകൂടി പ്രകടിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ അനുസ്മരണയ്ക്കായി ഇപ്രകാരമൊരു സ്പെഷ്യൽ സമ്മേളനം വിളിച്ചുകൂട്ടാൻ മുൻകൈയെടുത്ത അങ്ങയേയും സഭാ നേതാവിനേയും പ്രത്യേകമായി അഭിനന്ദിച്ചുകൊള്ളട്ടെ. മുൻ രാഷ്ട്രപതിയെന്നതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

ഉപരി എന്നെ സംബന്ധിച്ചിടത്തോളം എന്റെ സ്വന്തം നാട്ടുകാരൻ എന്നുള്ള നിലയിലും എന്റെ കുടുംബത്തിലെ ഒരംഗം വേർപെട്ട നഷ്ടബോധത്തോടും കൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. അദ്ദേഹം രാഷ്ട്രപതിയായിരുന്ന കാലഘട്ടത്തിൽ സ്വന്തം ഗ്രാമവും വീടും സന്ദർശിക്കുന്നതിന് പ്രത്യേകം താൽപ്പര്യമെടുത്തിരുന്നു. വർഷത്തിൽ ഒരിക്കലെങ്കിലും അദ്ദേഹം സ്വന്തം വീട് സന്ദർശിക്കാതിരുന്നിട്ടില്ല. അദ്ദേഹം അവിടെ വരുമ്പോഴൊക്കെ എന്നെ അനൗപചാരികമായി അറിയിക്കുമായിരുന്നു. അപ്പോൾ ആ കൊച്ചു വീട്ടിൽ ഒരുമിച്ച് ചേരാനും അവിടത്തെ ഭക്ഷണം കഴിക്കാനും കഴിഞ്ഞിരുന്നു. അവിടത്തെ ഭക്ഷണം അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. അങ്ങനെ ഒരുമിച്ച് ചേരുന്നതിന് എനിക്ക് കിട്ടിയ അവസരങ്ങൾ വളരെ വിലപ്പെട്ടതായി ഞാൻ കരുതുകയാണ്. അതുപേലെതന്നെ ഞാൻ ഡൽഹിയിൽ പോയാൽ അദ്ദേഹത്തിന്റെ വസതി സന്ദർശിക്കാതെ അവിടെനിന്നും പോന്നിട്ടില്ല. ആ നിലയ്ക്കുള്ള ഒരു കുടുംബബന്ധമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്. ഞാൻ ഓർക്കുകയാണ് അദ്ദേഹം രാഷ്ട്രപതി സ്ഥാനത്തുനിന്ന് വിരമിക്കുന്ന സന്ദർഭത്തിൽ പൊതുവേ എല്ലാ പരിപാടികളും ഏതാനും ദിവസങ്ങൾക്ക് മുൻപുതന്നെ റദ്ദ് ചെയ്തിരുന്നു. അവസാനമായി അദ്ദേഹം നടത്തിയ ചടങ്ങെന്ന് പറയുന്നത് എനിക്ക് നൽകിയ വി. പി. മേനോൻ അവാർഡ് ആയിരുന്നു. ഡൽഹിയിൽവച്ച് നടന്ന അവാർഡ് ചടങ്ങായിരുന്നു. ഏറ്റവും അവസാനമായി ഞങ്ങൾ തമ്മിൽ കണ്ടുമുട്ടി ഒരുമിച്ച് സമയം ചെലവഴിച്ചത് ഡൽഹിയിലെ ആൾ ഇൻഡ്യാ എക്സിബിഷനിലായിരുന്നു. അദ്ദേഹം എന്റെ കൈയിൽ താങ്ങിപ്പിടിച്ച് ആ പവലിയനിലെ ഓരോ സെന്ററും സന്ദർശിച്ച രംഗം എന്റെ മനസ്സിൽക്കൂടി കടന്നു പോകുകയാണ്. ആ വ്യക്തിബന്ധം മനസ്സിലാക്കാൻ വേണ്ടി ഞാൻ ഇത് പറഞ്ഞെന്നു മാത്രമേയുള്ളു. അദ്ദേഹം ഡൽഹിയിൽ അസുഖമായി കിടന്നപ്പോൾ മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കേരളാ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് അവിടെ ചെല്ലാനും അദ്ദേഹത്തെ സന്ദർശിക്കാനും അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ഡൽഹിയിൽ സംസ്കരിച്ചതിനുശേഷം അവിടെനിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്നതിനും ജന്മനാട്ടിലേക്ക് കൊണ്ടുപോകുന്നതിനും എന്നെ നിയോഗിച്ചത് ദൈവനിയോഗമായി ഞാൻ കരുതുകയാണ്. എനിക്ക് കെ. ആർ. നാരായണനെക്കുറിച്ച് പറയുവാനുള്ളത് ഒരു സാമൂഹ്യ വ്യവസ്ഥിതിയുടെ സൃഷ്ടിയായിരുന്നു അദ്ദേഹം എന്നാണ്. ഈ സാമൂഹ്യ വ്യവസ്ഥിതിയെ തട്ടിത്തെറിപ്പിച്ചുകൊണ്ട് ജീവിതത്തിന്റെ എല്ലാ പടവുകളും ചവിട്ടിക്കയറി വിജയത്തിന്റെ ഔന്നത്യത്തിലെത്തിയ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും അങ്ങും ഒക്കെ സൂചിപ്പിച്ച ഒരു സംഭവമുണ്ട്. അദ്ദേഹം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബി. എ. ഓണേഴ്സ് ഫസ്റ്റ് ക്ലാസ്, ഫസ്റ്റ് റാങ്കിൽ പാസ്സായതിനുശേഷം ആ സ്വർണ്ണപ്പതക്കവുമണിഞ്ഞാണ് സർ സി. പി. രാമസ്വാമി അയ്യരുടെ അടുത്ത് ചെന്നത്. വലിയ പ്രതീക്ഷയോടുകൂടിയാണ് പോയത്. തനിക്ക് യൂറോപ്പിലേക്ക് പഠിക്കാൻ പോകണമെന്നും അതിനുവേണ്ട സൗകര്യങ്ങൾ നൽകണമെന്നും പറഞ്ഞപ്പോൾ സർ സി. പി. രാമസ്വാമി അയ്യർ തടസ്സവാദങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറി. അവസാനം തനിക്ക് ഒരു ലക്ചറർ പോസ്റ്റ് വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം, 'ഞാൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം കൊടുക്കാം, ചീഫ് സെക്രട്ടറിയെപ്പോയി കാണുക' എന്നു പറഞ്ഞു. ചീഫ് സെക്രട്ടറിയുടെ അടുത്ത് കെ. ആർ. നാരായണൻ ചെന്നപ്പോൾ ചീഫ് സെക്രട്ടറി പറഞ്ഞത് 'നിങ്ങൾക്ക് ക്ലെറിക്കൽ ജോലി തരാനായിട്ടാണ് ദിവാൻ എന്നോട് പറഞ്ഞിരിക്കുന്നത്' എന്നാണ്. അദ്ദേഹം 'അയ്യോ! അത് വേണ്ടെന്ന്' പറഞ്ഞപ്പോൾ ചീഫ് സെക്രട്ടറി പറഞ്ഞു, 'മടയത്തരം പറയരുത്. പത്ത് വർഷത്തിനുശേഷം ഞാൻ ഇരിക്കുന്ന കസേരയിൽ നിങ്ങൾക്ക് ചീഫ് സെക്രട്ടറിയായി പ്രൊമോഷൻ കിട്ടി കടന്നുവരാ'മെന്ന്. താൻ താഴ്ന്ന ജാതിക്കാരനായിപ്പോയതുകൊണ്ടാണ് തനിക്ക് ലക്ചറർ പോസ്റ്റ് തരാതെ ക്ലെറിക്കൽ പോസ്റ്റിലേക്ക് നിയോഗിക്കുന്നതെന്നകാര്യം മനസ്സിലാക്കി, ആ വ്യവസ്ഥിതിയോടുള്ള പ്രതിഷേധം കൊണ്ടാണ് അദ്ദേഹം അന്ന് അത് വേണ്ടെന്നുവച്ചത്. അദ്ദേഹം മഹാരാജാവിനും അന്നത്തെ ബ്രിട്ടീഷ് റസിഡന്റിനും കത്തെഴുതി. കോൺവൊക്കേഷൻ നടത്തിയപ്പോൾ ഫസ്റ്റ് റാങ്ക് വാങ്ങിയ ആൾ കോൺവൊക്കേഷന് പോയതായി കാണുന്നില്ല. അതിനെപ്പറ്റി റസിഡന്റ് തിരക്കിയപ്പോൾ അദ്ദേഹം പ്രതിഷേധിച്ച് അവിടെ ചെല്ലാതിരുന്നതാണ് എന്ന് അറിവുകിട്ടി. ഉടൻതന്നെ കെ. ആർ. നാരായണൻ താൻ ഡൽഹിയിലേക്ക് ജോലി തേടിപ്പോകുകയാണെന്ന് പറഞ്ഞ് റസിഡന്റിന് കത്തെഴുതി. അങ്ങനെ ഡൽഹിയിലേക്ക് നാടുവിട്ട് പോകുകയാണുണ്ടായത്. അതിനുശേഷം എല്ലാ രംഗങ്ങളിലുമുള്ള അദ്ദേഹത്തിന്റെ ഉയർച്ചയുടെ പടവുകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്കൂളിൽ പഠിക്കുമ്പോൾ ഫീസ് കൊടുക്കാൻ നിർവ്വാഹമില്ലാതെ ഉച്ചയ്ക്ക് ക്ഷേണംപോലും കഴിക്കാതെ കുറിച്ചിത്താനത്തും ഉഴവൂരും കുറവിലങ്ങാടും വടകരയിലുമൊക്കെ പഠിച്ച അദ്ദേഹത്തിന് മൂന്ന് രൂപ ഫീസ് കൊടുക്കാൻ കഴിയാത്ത സാഹചര്യവുമുണ്ടായിരുന്നു. അന്നത്തെ വ്യവസ്ഥിതി എന്താണെന്നുവച്ചാൽ ഫീസ് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ വടികൊണ്ടുള്ള അടിയല്ല പകരം പരിഹസിക്കുന്ന ശിക്ഷയാണ് ഉണ്ടായിരുന്നത്. ഫീസ് കൊടുക്കാത്തതിന്റെ പേരിൽ ബഞ്ചിൽ കയറ്റി നിർത്തി പരിഹാസപാത്രമാക്കി. പരീക്ഷാ ഫീസ് കൊടുക്കാത്തതിന്റെ പേരിൽ ഒരു പ്രാവശ്യം പരീക്ഷ എഴുതാൻ കഴിഞ്ഞില്ല. അതിനുശേഷം 12 രൂപ ഫീസ് കൊടുക്കാൻ ഒരു രൂപയുടെ കുറവുകൊണ്ട് ഒരുപാട് സ്ഥലത്തുപോയി ഇരന്നു, അങ്ങനെ 12 രൂപ ഒപ്പിച്ച് പരീക്ഷ എഴുതി. ഈ നിലയിലുള്ള വിഷമതകളിൽനിന്നും അവഗണനയിൽനിന്നും പ്രയാസങ്ങളിൽ നിന്നുമൊക്കെ ആ വ്യവസ്ഥിതിയെ എതിർത്ത്, അതിനെ അതിജീവിച്ച്, അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയെ തട്ടിത്തകർത്തുകൊണ്ട് വിജയിച്ചുവന്ന ഒരു വ്യക്തിത്വമാണ് കെ. ആർ. നാരായണന്റേത്. ഒരു നയതന്ത്രജ്ഞൻ എന്നുള്ള നിലയിൽ അദ്ദേഹം വൻവിജയം കൈവരിച്ചിട്ടുണ്ട്. ഇൻഡോ-ചൈന യുദ്ധത്തിനുശേഷം ഒരു ദശാബ്ദക്കാലം ആ നയതന്ത്ര ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ടിരുന്നു. അതിനിടയിലാണ് കെ. ആർ. നാരായണനെ അംബാസിഡറായി നിയമിക്കുന്നുവെന്ന പ്രഖ്യാപനം പാർലമെന്റിൽ ഉണ്ടായത്. അപ്പോൾ കരഘോഷത്തോടുകൂടി ഇൻഡ്യൻ പാർലമെന്റിലെ മുഴുവൻ അംഗങ്ങളും ഡസ്കിൽ അടിച്ചുകൊണ്ട് കെ. ആർ. നാരായണന്റെ നിയമനത്തെ സ്വാഗതം ചെയ്തു. കെ. ആർ. നാരായണൻ

LIBRARY ARCHIVES Kerala Legislative Assembly

സമാധാനദൂതുമായി ചൈനയിലേക്ക് പോയി. അങ്ങനെ ഇൻഡോ-ചൈന നയതന്ത്ര ബന്ധങ്ങൾ മെച്ചപ്പെടുകയുണ്ടായി. അദ്ദേഹം ഏതൊക്കെ രാജ്യത്ത് നയതന്ത്രജ്ഞനായിപ്പോയോ അവിടെയൊക്കെ ഇൻഡ്യയുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രപതി എന്നുള്ള നിലയിൽ ആർട്ടിക്കിൾ 356 അനുസരിച്ചുള്ള അവകാശം വളരെ വിവേകപൂർവ്വം വിനിയോഗിക്കണമെന്നും അത് രാഷ്ട്രീയ ആയുധമാക്കാൻ പാടില്ലെന്നും അദ്ദേഹത്തിന് നിഷ്ഠ ഉണ്ടായിരുന്നു. യു. പി.-യിലെ കല്ല്യാൺസിംഗ് ഗവൺമെന്റിനേയും ബീഹാറിലെ റാബ്റി ഗവൺമെന്റിനേയും പിരിച്ചുവിടാൻ കേന്ദ്ര മന്ത്രിസഭ പ്രസിഡന്റിനയച്ച ശുപാർശ ഭരണഘടനാ വിരുദ്ധമാണെന്നുള്ള ഉറച്ച നിലപാടിൽ രാഷ്ട്രപതി നിൽക്കുകയായിരുന്നു. ആ നിലയ്ക്ക് വളരെ വ്യക്തിത്വമുള്ള, നിശ്ചയദാർഢ്യമുള്ള വിനയാന്വിതനാണ് അദ്ദേഹം. അദ്ദേഹം ലാളിത്യത്തിന്റേയും വിനയത്തിന്റേയും ആൾരൂപമാണ്. അത്ര നല്ല സിദ്ധികളുള്ള, അതേസമയത്ത് നിശ്ചയദാർഢ്യവും ലക്ഷ്യബോധവും വ്യക്തിത്വവുമുള്ള മഹാനായ ആ വ്യക്തി കേരളം ലോകത്തിന് പ്രദാനം ചെയ്ത ഒരു രത്നമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അങ്ങും സഭാനേതാവും പ്രതിപക്ഷവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റു ബഹുമാന്യരായ കക്ഷിനേതാക്കളും മുൻ പ്രസിഡന്റ് കെ. ആർ. നാരായണന്റെ നിര്യാണത്തിൽ ദുഃഖവും അനുശോചനവും രേഖപ്പെടുത്തിയതിനോട് ഞാനും പങ്കുചേരുന്നു. ഡോ. അംബേദ്കറും ഡോ. പൽപ്പുവും ഉന്നത വിദ്യാഭ്യാസം നേടിയിട്ടും അനുഭവിക്കേണ്ടിവന്ന ദുരിതം കെ. ആർ. നാരായണനും ഉന്നത വിദ്യാഭ്യാസം നേടിയയുടൻ അനുഭവിക്കേണ്ടിവന്നു. എന്നിട്ടും പതറാതെ തന്റെ കഴിവുകൾ പ്രകടിപ്പിച്ച് അധ്യാപകൻ, പത്രപ്രവർത്തകൻ, വിദേശരാജ്യങ്ങളിലെ ഇൻഡ്യയുടെ പ്രതിനിധി എന്നീ രൂപങ്ങളിലെല്ലാം പ്രശോഭിച്ചു. പിന്നീട് കുറേക്കാലം മന്ത്രിയായിരുന്നു. ഇൻഡ്യാ രാജ്യത്തിന്റെ പ്രസിഡന്റ് ആരായിരിക്കണമെന്നതിനെ സംബന്ധിച്ച് മഹാത്മാഗാന്ധിയോട് അഭിപ്രായം ആരാഞ്ഞപ്പോൾ ദളിതനായിരിക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഗാന്ധിജി ആഗ്രഹിച്ചത് പിൽക്കാലത്ത് കെ. ആർ. നാരായണനിലൂടെ സാധിച്ചെടുക്കാൻ കഴിഞ്ഞു. ഇൻഡ്യയിൽ നിലനിന്നിരുന്ന അല്ലെങ്കിൽ സാധാരണയിൽ കവിഞ്ഞ് ദളിതർക്ക് അനുവദിച്ച ഉദ്യോഗ സംവരണം അവർക്ക് ലഭിക്കാത്തതിനെതിരായി, പിന്നോക്ക വിഭാഗങ്ങൾക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിനുവേണ്ടി ഈ രാജ്യത്ത് നടന്ന പോരാട്ടങ്ങളുടെ ഫലമായി അദ്ദേഹത്തിന് വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ നിലകളിൽ പ്രശോഭിക്കാൻ കഴിഞ്ഞു. അദ്ദേഹം പ്രസിഡന്റ് പദവി അലങ്കരിച്ചിരുന്നപ്പോൾ മറ്റ് പ്രസിഡന്റുമാരിൽനിന്ന് വ്യത്യസ്തമായ ഒരു നിലപാട് പുലർത്തിയിരുന്നത് നമുക്ക് കാണാൻ സാധിക്കും. പ്രസിഡന്റ് സ്ഥാനത്ത് ഇരുന്നുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തിലെ ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച് താൻ വളർന്നുവന്ന ദളിതരും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും അടങ്ങുന്ന ഭൂരിപക്ഷം വരുന്ന ഇൻഡ്യാ രാജ്യത്തിലെ ജനങ്ങളുടെ അവശതകൾ മനസ്സിലാക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പ്രസിഡന്റ് എന്നുള്ള നിലയ്ക്ക് അഭിപ്രായ പ്രകടനം നടത്താൻ അവസരം ലഭിച്ചപ്പോഴെല്ലാം പ്രധാനമായും ഇവിടെത്തെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ അല്ലെങ്കിൽ ഒരു വലിയ രാജ്യമായ ഇൻഡ്യയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കണമെങ്കിൽ ഇവിടെത്തെ ജനവിഭാഗങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കണമെന്ന് അദ്ദേഹം പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ പൊതുമേഖലയിലും സർക്കാർ മേഖലയിലും തൊഴിൽ സാധ്യതകൾ കുറഞ്ഞുവന്നപ്പോൾ സ്വകാര്യ മേഖലയിലും തൊഴിൽ നൽകുന്നതിന് സംവരണം ഏർപ്പെടുത്തണമെന്ന് പറയാൻ മടി കാണിക്കാത്ത ഒരാളായിരുന്നു കെ. ആർ. നാരായണൻ. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഇൻഡ്യ കണ്ട പ്രസിഡന്റുമാരിൽ പ്രധാനമായും നമ്മുടെ രാജ്യത്തിന്റെ യാഥാർത്ഥ്യങ്ങൾ വിലയിരുത്തുന്നതിനും അതോടൊപ്പം പ്രസിഡന്റ് പദത്തിൽ ഇരുന്നുകൊണ്ട് ആ കർത്തവ്യം എന്താണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതും അദ്ദേഹത്തിനാണ്. മറ്റനേകം സ്മാരകങ്ങൾ നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് അദ്ദേഹത്തിന്റെ നാട്ടിൽ ഉയർന്നുവരുന്നതോടൊപ്പം അദ്ദേഹം ജീവിച്ചു വളർന്ന ഒരു സംസ്ഥാനം എന്നുള്ള നിലയ്ക്ക് അദ്ദേഹം പ്രസിഡന്റ് പദത്തിൽ ഇരുന്നുകൊണ്ട് പ്രകടിപ്പിച്ച ദളിത് പിന്നോക്ക വിഭാഗത്തിന്റെ അവശതകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ മുൻകൈയെടുക്കുന്നതായിരിക്കും ആ മഹാത്മാവിനോട് നമ്മൾ കാണിക്കുന്ന നന്ദിയെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും രാഷ്ട്രത്തിനുമുണ്ടായ നഷ്ടത്തിൽ ഞങ്ങളുടേയും ദുഃഖം അറിയിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും നിയമസഭയിലെ മറ്റ് നേതാക്കളും പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. കെ. ആർ. നാരായണന് കേരള നിയമസഭയിലും അതുപോലെതന്നെ മറ്റ് രാഷ്ട്രീയ കക്ഷിനേതാക്കളുമായി ഇടപഴകിയ അനേകം സംഭവങ്ങളിലും വളരെയധികം പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്. അദ്ദേഹം ചൈനയിൽ അംബാസിഡറായതിനുശേഷം കെ. പി. പി. നമ്പ്യാരുടെ വീട്ടിൽ അദ്ദേഹവും പാർട്ടിയും താമസിക്കുകയായിരുന്നു. അന്ന് അദ്ദേഹത്തെ ചെന്ന് കാണണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ കെ. പി. പി. നമ്പ്യാരുടെ വീട്ടിൽ പോയി അദ്ദേഹത്തെ കാണുകയുണ്ടായി. അദ്ദേഹവുമായിട്ട് അന്ന് തുടങ്ങിയ പരിചയമാണ്. അദ്ദേഹം ഇലക്ട്രോണിക്സ് മന്ത്രിയായി കേന്ദ്രത്തിലിരുന്നപ്പോൾ ഞാൻ ഇവിടെ വ്യവസായ വകുപ്പുമന്ത്രിയായിരിക്കുകയും കേരളത്തിന്റേതായിട്ടുള്ള പ്രശ്നങ്ങൾ പറയുമ്പോൾ എല്ലാകാര്യത്തിലും കേരളത്തെ സഹായിക്കുന്ന തരത്തിലുള്ള നടപടികൾ എടുക്കുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ ഒരൊറ്റ ശ്രമം കൊണ്ട് മാത്രമാണ് കെൽട്രോണിന്റെ ഇ. ആർ. & ഡി. സി. കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കുകയും അത് നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ ഇടയാക്കുകയും ചെയ്തത്. കെ. ആർ. നാരായണൻ ജനിച്ചത് അടിച്ചമർത്തപ്പെട്ട വിഭാഗത്തിൽപ്പെട്ട സമുദായത്തിലായിരുന്നു. ജാതിചിന്ത, പണമില്ലായ്മ, ബുദ്ധിമുട്ട്, തീണ്ടൽ തുടങ്ങി അനേകം അസമത്വങ്ങൾ നേരിട്ടുകൊണ്ടാണ് അദ്ദേഹത്തിന്റെ ജീവിതം മുന്നോട്ടു നയിച്ചത്. ആ വിഭാഗത്തിൽപ്പെട്ടവരുടേതായ ഉന്നമനം എങ്ങനെ നേടിയെടുക്കണം എന്നുള്ള നിലയിൽ അവസാനംവരെ അദ്ദേഹം അനേകം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ജാതി വ്യവസ്ഥയിലും ഗുജറാത്ത് സംഭവത്തിലും അദ്ദേഹത്തിന്റേതായ അഭിപ്രായങ്ങൾ പ്രകടമാക്കിയിട്ടുണ്ട്. കേരള നിയമസഭ പാസ്സാക്കിയ ഗിരിവർഗ്ഗ നിയമം, ഭരണഘടനാപരമല്ലാതെ കേന്ദ്ര പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷനോട് ആലോചിക്കാതെ കൊണ്ടുവന്ന നിയമമായതിനാൽ അത് ഗിരിവർഗ്ഗക്കാർക്ക് ദോഷകരമാകും എന്നുള്ളതുകൊണ്ട് അദ്ദേഹം നോക്കിക്കഴിഞ്ഞശേഷം അത് തിരികെ അയച്ചു. എന്നാൽ ആ നിയമം പിന്നീട് അദ്ദേഹത്തിന്റെ മുന്നിൽ ചെല്ലാൻ ഇടയാകാത്ത വിധത്തിൽ, കൃഷി നിയമമാണ് എന്നുള്ള നിലയിൽ പ്രസിഡന്റിന് അയയ്ക്കാതെ നമ്മൾ നിയമസഭയിൽ പാസ്സാക്കുകയുണ്ടായി. ആ വിധത്തിൽ അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായം ആദ്യം മുതൽ അവസാനംവരെ പിന്നോക്ക ജനവിഭാഗങ്ങളുടേതായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. ഭരണഘടന അനുസരിച്ചുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കാത്തുസൂക്ഷിക്കുന്നതിനും അത് ഉപയോഗിക്കുന്നതിനും അദ്ദേഹം എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കേരളത്തിന്റെ മഹാനായ പുത്രനാണ് അദ്ദേഹം. കേരളത്തിൽ നിലനിൽക്കുന്ന സാമൂഹ്യജീവിത പ്രശ്നങ്ങളും നമ്മൾ നേരിടുന്ന മറ്റനേകം പ്രശ്നങ്ങളും പരിഹരിക്കുന്നതിന് സ്വന്തം അഭിപ്രായങ്ങളും തീരുമാനങ്ങളും അതിനുവേണ്ടിയുള്ള നടപടികളും എടുക്കുന്നതിനുവേണ്ടി അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന്റെ നഷ്ടമാണ്. ഭാരതത്തിന്റെ മതേതരത്വം നിലനിർത്തുന്നതിനുള്ള വലിയ ശ്രമത്തിന് അദ്ദേഹത്തിന്റെ വേർപാട് വലിയ നഷ്ടമാണ്. ആ നഷ്ടം എല്ലാവർക്കും ഉള്ളതാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ നിര്യാണത്തെ സംബന്ധിച്ച് ബഹുമാന്യനായ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. ഒരു കുഗ്രാമത്തിൽ ജനിച്ച് ലോകത്തോളം വളർന്ന് കേരളത്തിന്റെ ഏറ്റവും വലിയ അഭിമാനമായി ജീവിച്ച ഒരാളാണ് കെ. ആർ. നാരായണൻ. അദ്ദേഹം ഇന്ന് ചരിത്രത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. എളിമയിൽ നിന്ന് ഇതിഹാസം സൃഷ്ടിച്ച മഹാവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അതുപോലെതന്നെ ഭാരതത്തിൽ ആദ്യമായി ഒരു ദളിതന് പ്രഥമ പൗരനാകാൻ സാധിച്ചതും അത് കേരളീയനായതിലും നമുക്ക് ഏറ്റവും കൂടുതൽ അഭിമാനിക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തെക്കുറിച്ച് ധാരാളം പ്രതിപാദിച്ചശേഷം അദ്ദേഹത്തിന് സ്മാരകം നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഒരു ചെറ്റക്കുടിലിൽ ജനിച്ച് ദുരിതങ്ങളിൽ നിന്ന് ഉയരങ്ങളിലെത്താൻ സാധിച്ച അദ്ദേഹത്തിന്റെ ജീവിതപാത പിൻതുടരുന്നതിന് പാവപ്പെട്ടവരുടേയും ദളിതരുടേയും ജീവിതനിലവാരം മെച്ചപ്പെടുത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സ്മരണയായിരിക്കും. ആ മഹാനുഭാവന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ ദുഃഖത്തിൽ പങ്കുചേരുന്നു.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u>: സർ, ഇൻഡ്യ കണ്ട ഒരപൂർവ്വ പ്രതിഭയ്ക്ക് നമ്മുടെ മനസ്സിലുള്ള സ്ഥാനം രേഖപ്പെടുത്തുന്ന ഒരു അനുശോചന സമ്മേളനമാണ് ഇവിടെ നടക്കുന്നത്. നിയമസഭയുടെ ചരിത്രത്തിൽത്തന്നെ അപൂർവ്വമായ ഒരു സംഭവമാണിത്. ഏതെങ്കിലും പ്രസിഡന്റിന്റെയോ പ്രധാനമന്ത്രിയുടെയോ ദേഹവിയോഗത്തിൽ ഒരിക്കൽപ്പോലും അനുശോചനം രേഖപ്പെടുത്തുന്നതിനായി കേരള നിയമസഭയിൽ ഒരു പ്രത്യേക സമ്മേളനം ചേർന്നതായി എനിക്ക് ഓർമ്മയില്ല. കെ. ആർ. നാരായണനുവേണ്ടി ഇങ്ങനെ ഒരു സമ്മേളനം ചേർന്നതിൽ ഞാൻ അങ്ങയേയും സഭാനേതാവിനേയും അനുമോദിക്കാൻ ആഗ്രഹിക്കുന്നു. കെ. ആർ. നാരായണൻ ഉഴവൂരിലെ കേച്ചേരിയിൽ ജനിച്ച് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ പ്രഥമ പൗരനായി എന്നു പറയുന്നത് ചെറിയ കാര്യമായി കാണാൻ കഴിയില്ല. സ്വപ്രയത്നവും കഠിനാദ്ധ്വാനവും ബുദ്ധിശക്തിയും ജനങ്ങളിൽനിന്ന് ആദരവ് പിടിച്ചുപറ്റാനുള്ള കഴിവുംകൊണ്ട് ഒരു ദളിതനാണ് എങ്കിൽപോലും ഒരു ദളിതനല്ല എന്ന മേൽവിലാസത്തിലുള്ള അദ്ദേഹത്തിന്റെ അക്കാഡമിക് കരിയറും അതുവഴി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും രാഷ്ട്രീയത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങളും പ്രാഗത്ഭ്യവും എല്ലാം കൂടുമ്പോൾ ഇൻഡ്യയുടെ പ്രഥമപൗരനാകാൻ മറ്റാരേക്കാളും യോഗ്യത അദ്ദേഹത്തിനുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഒരു ദളിതന്റെ കോട്ടയിൽ മാത്രമല്ല, ഇൻഡ്യയിലെ സാധാരണക്കാരനായ ഒരാൾ എന്നുള്ള നിലയിൽത്തന്നെ യോഗ്യത ഉണ്ടായിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം എന്ന് ഓർക്കാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കെ. ആർ. നാരായണനുമായി വളരെ അടുപ്പമുണ്ടായിരുന്ന ഒരാളാണ്. ഞാൻ ലോക്സഭാംഗമായിരിക്കുമ്പോൾ നടത്തിയിട്ടുള്ള അരഡസൻ വിദേശ സന്ദർശനങ്ങളിലും, പാർലമെന്ററി ഡെലിഗേഷനുകളിൽ അംഗമായിരിക്കുമ്പോൾ മിക്കവാറും എല്ലാ ഡെലിഗേഷനുകളിലും അന്ന് വിദേശകാര്യ വകുപ്പിൽ ജോയിന്റ് സെക്രട്ടറിയായിരുന്ന അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു എന്ന് ഞാൻ ഓർക്കുന്നു. അദ്ദേഹമായിരുന്നു അന്ന് ആ സെക്ഷന്റെ ചുമതല വഹിച്ചിരുന്നത്. വിദേശകാര്യ വകുപ്പിന്റെ പ്രതിനിധി എന്നുള്ള നിലയിൽ പലപ്പോഴും അദ്ദേഹവുമായി ഒത്തുപോകാനും ഒരേ മുറിയിൽ ചിലപ്പോഴൊക്കെ താമസിക്കാനും ധാരാളം യാത്രചെയ്യാനും അദ്ദേഹത്തിന്റെ സ്വഭാവവിശേഷങ്ങളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടറിയാനും ആ കാലഘട്ടത്തിൽ എനിക്ക് അവസരം ലഭിച്ചിരുന്നു. അതിനുമുമ്പ് എനിക്ക് അദ്ദേഹവുമായി പരിചയമില്ലായിരുന്നു, 1972-നു ശേഷം മാത്രമാണ് പരിചയപ്പെട്ടത്. പിന്നീട് ആ പരിചയം ഒരിക്കലും കുറഞ്ഞിരുന്നില്ല എന്ന് ഞാൻ ഓർക്കുന്നു. അദ്ദേഹം തികഞ്ഞ ഒരു മലയാളിയായിരുന്നു. അദ്ദേഹത്തെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണ്, മുണ്ട് ഉടുക്കാനും മലയാളം പറയാനും അറിയാവുന്ന പ്രസിഡന്റാണ് അദ്ദേഹം എന്നു പറഞ്ഞതാണ് കേരളീയർക്ക് ഏറ്റവും വലിയ അഭിമാനം. കേരളത്തിൽനിന്ന് രണ്ടു വർഷം മാറി താമസിച്ചാൽ നമ്മുടെ മലയാളികളായ പലരും മുണ്ട് എങ്ങനെയാണ് ഇളിയിൽ ഇരിക്കുന്നത് എന്ന് ചോദിക്കുന്ന ഈ കാലഘട്ടത്തിൽ, മുണ്ട് എങ്ങനെ ഉരിഞ്ഞ് പോകാതെ ഉടുക്കുന്നു എന്ന് ചോദിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിന്റെ സംസ്കാരവും മലയാള ഭാഷയുടെ തനിമയും ഒരിക്കലും മറക്കാതെ ഇൻഡ്യയുടെ പ്രഥമ പൗരൻ, ഒരുപക്ഷെ വിശ്വപൗരൻ എന്നു പറയാവുന്ന കെ. ആർ. നാരായണൻ മലയാളികളുടെ അഭിമാനം ഏതു കാലവും സംരക്ഷിച്ചിരുന്നു. കേരളത്തിൽ വരുമ്പോൾ ഔദ്യോഗികമായ ചടങ്ങുകളിൽ അല്ലാത്ത മിക്കവാറും സന്ദർഭങ്ങളിൽ മുണ്ടുടുത്ത കെ. ആർ. നാരായണനെയാണ് പത്രങ്ങളിൽക്കൂടിയും ടി. വി.-യിൽക്കൂടിയും ജനങ്ങൾ കണ്ടിരുന്നത്. അദ്ദഹം പ്രഗത്ഭനായ രാജ്യതന്ത്രജ്ഞൻ ആയിരുന്നു എന്നുള്ളതിൽ സംശയമൊന്നുമില്ല. 20 കൊല്ലത്തോളം തകർന്നിരുന്ന ഇൻഡ്യാ-ചൈന ബന്ധം പുനഃസ്ഥാപിക്കുന്നതിൽ, ഇന്നത്തെ നിലയിൽ തിരിച്ചുകൊണ്ടുവരുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിച്ച ആളാണ് അദ്ദേഹം. ഒരു മലയാളിക്ക് അതിനുള്ള അവസരം ലഭിച്ചു എന്നുപറയുന്നത് നമുക്കൊക്കെ അഭിമാനകരമായ കാര്യമാണ്. അദ്ദേഹം ഒരു റബ്ബർ സ്റ്റാമ്പ് പ്രസിഡന്റായിരുന്നിട്ടില്ല. ഇവിടെ പറഞ്ഞതുപോലെ മായാവതി ഗവൺമെന്റിനെ പിരിച്ചുവിടുന്നതിന് വാജ്പേയ് ഗവൺമെന്റ് ശ്രമിച്ചപ്പോഴും ഗുജറാത്തിൽ വർഗ്ഗീയതയുടെ പേരിൽ മനുഷ്യക്കുരുതി നടത്തിയപ്പോഴും അതിനെതിരെ വാളെടുക്കുവാൻ മറ്റ് പ്രസിഡന്റുമാർ ആരും പ്രകടിപ്പിക്കാത്ത ധൈര്യവും സ്ഥൈര്യവും മനുഷ്യസ്നേഹവും അദ്ദേഹം കാണിച്ചിട്ടുണ്ട്. ഭരണഘടനയുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് മന്ത്രിസഭയുടെ തീരുമാനങ്ങൾ അതേപടി റബ്ബർ സ്റ്റാമ്പായി ചെയ്യേണ്ടതല്ല ഇൻഡ്യൻ പ്രസിഡന്റിന്റെ ചുമതല എന്ന് ഇൻഡ്യയുടെ ചരിത്രത്തിൽ ഇൻഡ്യയുടെ ഭരണഘടനാ രംഗത്ത് സുവർണ്ണ ലിപികളിൽ തന്റേതായ വ്യക്തിത്വം കൊണ്ട് എഴുതിച്ചേർത്ത വലിയ ഒരു രാഷ്ട്രപതിയായിരുന്നു കെ. ആർ. നാരായണൻ. ഇത് ഒരു വലിയ കാര്യമാണ്. കേന്ദ്ര മന്ത്രിസഭ എന്തുപറഞ്ഞാലും അതനുസരിച്ച് ഒപ്പിട്ടുകൊള്ളണം എന്നുള്ള നിലയിലേക്ക് പലപ്പോഴും നമ്മുടെ രാജ്യത്തെ കൊണ്ടുപോയിട്ടുള്ളതൊക്കെ ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതാണ് എന്ന് അതിനുശേഷം ഈയടുത്ത കാലത്ത് സുപ്രീംകോടതി പോലും വിധിയെഴുതിയിട്ടുള്ള സാഹചര്യത്തിൽ, കെ. ആർ. നാരായണൻ സുപ്രീംകോടതി എഴുതുന്നതിനു മുമ്പുതന്നെ ഇത് തെറ്റാണ്, ഈ രീതിയിൽ മുന്നോട്ടുപോകാൻ പാടില്ല എന്നുപറഞ്ഞ ഇൻഡ്യയുടെ ആദ്യത്തെ രാഷ്ട്രപതിയാണ്. അങ്ങനെയുള്ള മഹാനായ ഒരു വ്യക്തിയെയാണ് കേരളത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടിരിക്കുന്നത്. കേരളത്തിന് നഷ്ടപ്പെട്ടു എന്ന് ഞാൻ പറയുമ്പോൾ അത് ഞാൻ വളരെ ആലോചിച്ച് പറഞ്ഞതാണ്. കേരളത്തിൽ നിന്ന് ഇത്രയും പ്രഗത്ഭനായ ഒരാളെ ഇനി അദ്ദേഹം ഇരുന്ന കസേരകളിലേക്ക് ഒരു പക്ഷെ ഈയടുത്ത കാലത്തൊന്നും കയറ്റിയിരുത്താൻ നമുക്ക് കഴിയും എന്നുള്ള വിശ്വാസം എനിക്കില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണം വളരെ ദുഃഖകരമായ ഒന്നാണ്. അദ്ദേഹത്തിന്റെ നഷ്ടം കേരളത്തിനും ഇൻഡ്യയ്ക്കും തീരാനഷ്ടമാണ്. രണ്ടാമത് ഒരു ടേം കൂടി അദ്ദേഹത്തിന് ലഭിക്കും എന്നായിരുന്നു നമ്മുടെയൊക്കെ വിശ്വാസം. രണ്ടാമത് ഒരു ടേം കൂടി അദ്ദേഹത്തിന് ലഭിക്കും എന്ന് നമ്മൾ വിശ്വസിച്ചുവെങ്കിലും ഒരുപക്ഷെ അന്ന് ഭരിച്ചിരുന്നവരുടെ താൽപ്പര്യത്തിന് തുള്ളാൻ കഴിയാത്ത കെ. ആർ. നാരായണന് രണ്ടാമത് ഒരു ടേം കൂടി കൊടുക്കാൻ അന്ന് ഭരിച്ച അല്ലെങ്കിൽ അന്ന് താൽപ്പര്യം കാണിക്കേണ്ട ആളുകൾ താൽപ്പര്യം കാണിച്ചില്ല എന്നുള്ളത് മറ്റൊരു ദുഃഖകരമായ വസ്തുതയാണ്. തീർച്ചയായും സാധാരണ പ്രസിഡന്റുമാർ എല്ലാം രണ്ട് ടേം ഇരിക്കുമ്പോൾ കെ. ആർ. നാരായണനെ ഒറ്റ ടേം കൊണ്ട് അവസാനിപ്പിച്ചതും നമുക്ക് ലഭിച്ച ഏറ്റവും വലിയ തിരിച്ചടിയാണ്. അങ്ങനെയുള്ള വലിയ ഒരു മനുഷ്യന്റെ നിര്യാണത്തിൽ നാം അനുശോചിക്കുമ്പോൾ മൂന്നു കോടിയോളം വരുന്ന കേരളത്തിലെ ജനങ്ങളുടെ പ്രതിനിധികളായി നമ്മൾ ഇവിടെ ഇരിക്കുമ്പോൾ, കേരളത്തിനുണ്ടായ അപരിഹാര്യമായ നഷ്ടം വളരെയധികം ദുഃഖം ഉണ്ടാക്കുന്നതാണ്. അദ്ദേഹത്തിന് സ്മാരകം ഉണ്ടാക്കുന്നതിനെക്കുറിച്ച് പറഞ്ഞു; അദ്ദേഹത്തിന് സ്മാരകം ഉണ്ടാക്കുമ്പോൾ ഏറ്റവും വലിയ സ്മാരകമായി അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി ഉണ്ടാക്കേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അല്ലെങ്കിൽ യൂണിവേഴ്സിറ്റികളാണ് എന്നാണ് എന്റെ അഭിപ്രായം. 1945-നു മുമ്പു തന്നെ വളരെ ബുദ്ധിമുട്ടേറിയ സാഹചര്യത്തിൽ ജനിച്ചുവളർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠനം പൂർത്തിയാക്കിയ അദ്ദേഹം ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബി. എ. ഓണേഴ്സ് ഒന്നാം സ്ഥാനവും ഒന്നാം റാങ്കും കരസ്ഥമാക്കിയിരുന്നു. അദ്ദേഹത്തിന്റെ സീനിയറായി പഠിച്ചിരുന്ന ശ്രീ. എസ്. ഗുപ്തൻ നായർ മലയാള മനോരമ പത്രത്തിൽ പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുന്നു. കെ. ആർ. നാരായണനെ പോലെ കർമ്മകുശലനായ ഒരു വ്യക്തിയെ ആ കാലഘട്ടത്തിൽ ആ കോളേജിൽ കണ്ടിരുന്നില്ല. അദ്ദേഹം പഠിച്ചിരുന്നത് ആർട്സ് കോളേജിലാണ്. അവിടെ ആ കാലഘട്ടത്തിൽ കുറച്ച് കുട്ടികളേ ഉണ്ടായിരുന്നുള്ളു. കർക്കശമായ മാനദണ്ഡങ്ങൾ ഉണ്ടായിരുന്ന തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് ലിറ്ററേച്ചർ ട്യൂഷനില്ലാതെ-ഇന്ന് മെഡിക്കൽ കോളേജിൽപോലും കുട്ടികൾ ട്യൂഷനു പോകുന്ന കാലഘട്ടമാണ്. ഈ കോളേജുകളിൽ പഠിക്കുന്നവർക്കും അതുപോലെ മറ്റെല്ലാ കോഴ്സുകൾക്കും ട്യൂഷൻ കൊടുക്കുന്ന ഈ രാജ്യത്ത്-പണം കൊടുത്ത് പഠിക്കാൻ കഴിയാതെ, ഈ രാജ്യത്തെ പ്രഗത്ഭരായ പ്രമാണിമാരുടെ മക്കൾ പഠിച്ച തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽനിന്ന് പ്രാഗത്ഭ്യത്തോടുകൂടി ബി. എ. ഓണേഴ്സ് ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ഒന്നാം സ്ഥാനവും ഒന്നാം റാങ്കും കരസ്ഥമാക്കുവാൻ കഴിഞ്ഞ അദ്ദേഹത്തിന്റെ ഓർമ്മ

LIBRARY ARCHIVES Kerala Legislative Assembly

നിലനിർത്താൻ വിദ്യാഭ്യാസ രംഗത്തായിരിക്കണം പ്രധാനമായും എന്തെങ്കിലും ചെയ്യേണ്ടത് എന്ന് ഈയവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഡോ. പൽപ്പുവിന്റെ കാര്യം ശ്രീ. അച്യുതാനന്ദൻ പറഞ്ഞു. ഡോ. പൽപ്പുവിന് ഇവിടം വിടേണ്ടിവന്നു. അദ്ദേഹം അലോപ്പതിയിൽ ബിരുദം നേടി കേരളത്തിൽ എത്തിയപ്പോൾ ഇവിടെ ഒരു ജോലി കൊടുക്കാൻ കഴിയാത്തതുകൊണ്ട് ഇവിടം വിടേണ്ടിവന്നു. പിന്നെ അദ്ദേഹം കർണ്ണാടകയിൽ പോയാണ് അന്ന് ജോലിയിൽ പ്രവേശിച്ചത്. അങ്ങനെ പോകേണ്ടിവന്ന സാഹചര്യത്തിൽ കെ. ആർ. നാരായണന് ഒരത്ഭുതമായിരുന്നു; ഉർവ്വശീശാപം ഉപകാരം എന്നു പറഞ്ഞതുപോലെ യൂണിവേഴ്സിറ്റി കോളേജിൽ അധ്യാപകനാകാൻ തടസ്സമുണ്ടായതാണ് കെ. ആർ. നാരായണൻ ലോകപൗരനാകാൻ കാരണം എന്ന് തെറ്റാണെങ്കിലും ഞാൻ വിശ്വസിക്കുന്നു. ഒരുപക്ഷേ അതായിരിക്കും അദ്ദേഹത്തിന്റെ ജന്മോദ്ദ്യേശം എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കെ. ആർ. നാരായണന്റെ നിര്യാണത്തിൽ അദ്ദേഹത്തെ സ്നേഹിക്കുന്നവരോടൊപ്പം, ദുഃഖിക്കുന്നവരോടൊപ്പം, ഈ സഭയിലെ എല്ലാവരോടുമൊപ്പം ബഹുമാനപ്പെട്ട സ്പീക്കറോടും മുഖ്യമന്ത്രിയോടും പ്രതിപക്ഷ നേതാവിനോടും മറ്റ് കക്ഷി നേതാക്കൻമാരോടുമൊപ്പം അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോടൊപ്പം ഞങ്ങളും ദുഃഖിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു റബ്ബർ സ്റ്റാമ്പാകണം രാഷ്ട്രപതി എന്ന സാമ്പ്രദായിക സങ്കൽപ്പത്തെ അട്ടിമറിച്ച ഇൻഡ്യയിലെ ആദ്യത്തെ രാഷ്ട്രപതി കെ. ആർ. നാരായണന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലിയർപ്പിക്കുന്നു. അദ്ദേഹത്തെ വളരെയടുത്ത് അറിയാവുന്ന ഒട്ടേറെ അംഗങ്ങൾ ഈ സഭയിലുണ്ട്. അവർക്കെല്ലാം അദ്ദേഹത്തെക്കുറിച്ച് മണിക്കൂറുകളോളം പറയുവാൻ സാധിക്കും. ഞാൻ വളരെ ദീർഘമായി സംസാരിക്കുവാൻ ആഗ്രഹിക്കുന്നില്ല. വളരെ ലളിതമായ ജീവിതശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തെ കണ്ട് സംസാരിക്കുമ്പോൾ, അടുത്ത് ഇടപഴകുമ്പോൾ ഒരിക്കലും മനസ്സിൽ നിന്ന് മാഞ്ഞുപോകാത്ത നല്ല ഓർമ്മകൾ അദ്ദേഹം നമുക്ക് നൽകാറുണ്ട്. എത്ര ഉന്നതമായ പദവിയിൽ എത്തിയാലും താൻ കടന്നുവന്ന വഴികൾ മറക്കാതിരുന്ന ഒരു മഹാനായിരുന്നു അദ്ദേഹം. 1992 മുതൽ 1997 വരെയുള്ള കാലയളവിൽ അദ്ദേഹം രാജ്യസഭയുടെ അദ്ധ്യക്ഷനായിരുന്നു. സെലക്ടഡ് റൂളിംഗ്സ് സഭയിൽ ഉണ്ടാകുന്നത് പലപ്പോഴും നമ്മൾ ശ്രദ്ധിക്കാറുണ്ട്. വളരെ ശ്രദ്ധേയമായിട്ടുള്ള ഒട്ടേറെ റൂളിംഗുകൾ 1992-1997 കാലയളവിൽ ഒരു സഭയെ നിയന്ത്രിച്ച അദ്ധ്യക്ഷൻ എന്നുള്ള നിലയിൽ അദ്ദേഹം നൽകിയിട്ടുണ്ട്. സഭയിൽ ഒരിക്കലും പ്രതിപക്ഷത്തിന് അദ്ദേഹത്തോട് കലഹിക്കേണ്ടി വന്നിട്ടില്ല. പക്ഷപാതപരമായി പെരുമാറിയ ഒരു സഭാദ്ധ്യക്ഷനായിരുന്നു എന്ന ആക്ഷേപം ആരും അദ്ദേഹത്തിനെതിരെ ഉയർത്തിയിട്ടില്ല. പ്രധാനമന്ത്രി മുതൽ ഏതു മന്ത്രിയാണെങ്കിലും ശരി സഭയിൽ കൃത്യമായി മറുപടി നൽകിയില്ലെങ്കിൽ അവരോട് അദ്ദേഹം വളരെ കർക്കശമായ സമീപനം സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. നരസിംഹറാവു ഉത്തരം നൽകേണ്ട ഒരു ദിവസം അദ്ദേഹം സഭയിൽ ഹാജരാകാതിരുന്നതിനെക്കുറിച്ച് അന്ന് സഭാദ്ധ്യക്ഷനായിരുന്ന അദ്ദേഹം പറഞ്ഞു, പ്രധാനമന്ത്രിയാണെങ്കിലും സഭയിൽ ഹാജരാകാതിരിക്കണമെങ്കിൽ സഭാദ്ധ്യക്ഷന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണമെന്ന്. അദ്ദേഹം സഭയിൽ പറഞ്ഞത് ഒട്ടേറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു സംഗതിയാണ്. അതുപോലെത്തന്നെ അദ്ദേഹം രാജ്യസഭാ ചെയർമാനായിരുന്ന സന്ദർഭത്തിലാണ് എഥിക്സ് കമ്മിറ്റിക്ക് രൂപം കൊടുക്കുന്നത്. അതിനെത്തുടർന്നാണ് ഇൻഡ്യയിലെ വിവിധ നിയമസഭകളിൽ എഥിക്സ് കമ്മിറ്റി രൂപീകരിക്കപ്പെട്ടത്. തീർച്ചയായും അദ്ദേഹം ദൂരക്കാഴ്ചയോടുകൂടി കണ്ടു എന്നുള്ളത് വളരെ ശ്രദ്ധേയമായ സംഗതിയാണ്. ഇവിടെ പരാമർശിക്കപ്പെട്ട ചില കാര്യങ്ങൾ ഉണ്ട്. 1978-ലെ 44-ാം ഭരണഘടനാ ഭേദഗതിയാണ് കാബിനറ്റ് എടുക്കുന്ന തീരുമാനങ്ങൾ രാഷ്ട്രപതിക്ക് കാരണസഹിതം മടക്കി അയയ്ക്കാനുള്ള അധികാരം നൽകുന്നത്. അതിനുശേഷം ഒരുപാട് രാഷ്ട്രപതിമാർ നമ്മുടെ രാജ്യത്ത് വന്നിട്ടുണ്ട്. പക്ഷേ കെ. ആർ. നാരായണനെപ്പോലെ ധൈര്യത്തോടുകൂടി ഒരു തീരുമാനമെടുത്ത രാഷ്ട്രപതി വേറെയാരുമുണ്ടായിട്ടില്ല. 1997 ജൂലൈ മാസത്തിൽ അദ്ദേഹം അധികാരമേറ്റു. 1997 ഒക്ടോബർ 22-നാണ് മായാവതി ഗവൺമെന്റിനെ പിരിച്ചുവിടാൻ അന്നത്തെ ഐ. കെ. ഗുജ്റാൾ ഗവൺമെന്റ് തീരുമാനമെടുക്കുന്നത്. ആ തീരുമാനം അദ്ദേഹം നിരാകരിച്ചു. സുപ്രീംകോടതിയുടെ ബൊമ്മെ കേസിന്റെ വിധി ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം അത് മടക്കി അയച്ചു. അതുമാത്രമല്ല 1998-ൽ ബീഹാറിലെ റാബ്റി ഗവൺമെന്റിനെ പിരിച്ചുവിടാൻ നൽകിയ ശുപാർശയും അദ്ദേഹം നിരാകരിച്ചത് ചരിത്രത്തിന്റെ ഭാഗമായിട്ടുണ്ട്. അന്ന് നേവൽ ചീഫ് ആയിരുന്ന അഡ്മിറൽ വിഷ്ണു ഭാഗവതിനെ നിഷ്കാസിതനാക്കാനുള്ള തീരുമാനം അന്നത്തെ ഗവൺമെന്റ് എടുത്തപ്പോൾ ആ തീരുമാനം അദ്ദേഹം ഉൾക്കൊണ്ടെങ്കിലും സേനകളുടെ അധിപനാണ് രാഷ്ട്രപതി, അദ്ദേഹത്തോട് ആലോചിക്കാതെ അങ്ങനെയൊരു തീരുമാനമെടുത്തത് ഉചിതമായില്ല എന്ന് അദ്ദേഹം പരസ്യമായി പറഞ്ഞു; അത് പറയാനുള്ള ധൈര്യം കാണിച്ചു എന്നുള്ളതും നമ്മുടെ ചരിത്രത്തിന്റെ ഭാഗമായിട്ട് നിൽക്കുന്നു. ഇവിടെ പറഞ്ഞ കൂട്ടത്തിൽ സൂചിപ്പിച്ച ഒരു കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ ലളിതമായ ജീവിതരീതിയിൽ നിന്ന് ഉയർന്നു വന്നയാളാണ് അദ്ദേഹം. അദ്ദേഹം പഠിച്ച സ്കൂളുകളിലൊന്നാണ് വടകര സെന്റ് ജോൺസ് ഹൈസ്കൂൾ; അത് കുത്താട്ടുകുളത്തിനടുത്തുള്ള സ്കൂളാണ്. ആ സ്കൂളിൽ പഠിക്കാൻ ഭാഗ്യം കിട്ടിയ ഒരു വിദ്യാർത്ഥിയാണ് ഞാനും. പഠിച്ച സ്കൂളിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹം പ്രകടിപ്പിച്ചത് അദ്ദേഹം രാഷ്ട്രപതിയായി കഴിഞ്ഞതിന്റെ അടുത്ത വർഷം അവിടെ സ്കോളർഷിപ്പ് ഏർപ്പെടുത്തിക്കൊണ്ടാണ്. 24 കുട്ടികൾക്ക് ആയിരം രൂപ വീതം കിട്ടുന്ന ഒരു സ്കോളർഷിപ്പ് അദ്ദേഹം ഏർപ്പെടുത്തി. സാധാരണഗതിയിൽ രാഷ്ട്രപതിയുടെ പ്രസ്സ് സെക്രട്ടറിയോ പ്രൈവറ്റ് സെക്രട്ടറിയോ ഒക്കെയായിരിക്കും ഇതിന്റെ സ്കീമൊക്കെ തയ്യാറാക്കുന്നത്. പക്ഷേ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം തന്നെ ഒപ്പിട്ട് സ്കൂളിൽ അയച്ച ഒരു കത്തിൽ പറഞ്ഞിരിക്കുന്നത്, 5, 8, 10 എന്നീ മൂന്നു ക്ളാസ്സുകളിലെ കുട്ടികൾക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്കോളർഷിപ്പ് നൽകേണ്ടത് എന്നാണ്. ഒന്നാമത്തേത്, അക്കാഡമിക് ഫീൽഡിൽ ഔട്ട്സ്റ്റാന്റിംഗ് പെർഫോമൻസിന്, രണ്ടാമത്തേത്, എസ്. സി./എസ്. റ്റി. വിഭാഗത്തിലെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക്, മൂന്നാമത്തേത്, സാമ്പത്തികമായി അവശതയനുഭവിക്കുന്ന കുട്ടിക്ക്. അഞ്ചാം ക്ലാസ്സിൽ സ്കോളർഷിപ്പ് കിട്ടുന്ന ഒരു കുട്ടിക്ക് പഠനം പൂർത്തിയാകുന്നതുവരെ സ്കോളർഷിപ്പ് കിട്ടും. അങ്ങനെ അദ്ദേഹം വളരെ ഭാവനയോടുകൂടി പാവപ്പെട്ട കുഞ്ഞുങ്ങളെ കാണുകയും പഠിച്ച വിദ്യാലയത്തോട് സ്നേഹം കാണിക്കുകയും ചെയ്തത് ഞാൻ ഓർമ്മിക്കുന്നു. ഉഴവൂരിൽ നിന്ന് കുത്താട്ടുകുളം, വടകര വരെ നടന്നുവന്ന് പഠിക്കേണ്ടുന്ന ഒരു കാലഘട്ടമായിരുന്നു അത്. വളരെ പ്രയാസമേറിയ ഒരു ജീവിത സാഹചര്യത്തിൽ വളർന്നുവന്ന ഒരു മഹാനാണ് അദ്ദേഹം. അദ്ദേഹം നാടിനെ മറന്നിട്ടില്ല, ജനങ്ങളെ മറന്നിട്ടില്ല, അദ്ദേഹത്തെ വളർത്തിയ ആളുകളെ മറന്നിട്ടില്ല. വളരെ മഹാനായ ഒരു വ്യക്തിയെയാണ് നമ്മൾ സ്മരിക്കുന്നത്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുൻപിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലി അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു; അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കെ. ആർ. നാരായണന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും മറ്റ് നേതാക്കളും പ്രകടിപ്പിച്ച എല്ലാ വികാരത്തോടും ഞാൻ യോജിക്കുകയാണ്. ഇവിടെ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. അദ്ദേഹത്തിന്റെ ജീവിതം ഒരു സന്ദേശമാണ് പുതിയ തലമുറയ്ക്ക് നൽകുന്നത് എന്നാണ് എന്റെ വിശ്വാസം. ഏത് പ്രതികൂല സാഹചര്യങ്ങളേയും ദൃഢനിശ്ചയത്തോടുകൂടി നേരിടാനുള്ള കഴിവ് ആർജ്ജിക്കാൻ ഇന്നത്തെ തലമുറയ്ക്ക് കെ. ആർ. നാരായണൻ എന്നും പ്രചോദനമായിരിക്കുമെന്ന് ഞാൻ കരുതുന്നു. 85 വർഷം മുമ്പ് കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥിതിയിൽ ഉഴവൂരിലെ ഒരു ദരിദ്ര കുടിലിൽ ജനിച്ച് സ്വപ്രയത്നം കൊണ്ടും ലക്ഷ്യം വച്ചു കൊണ്ടുള്ള പ്രവർത്തനം കൊണ്ടും രാഷ്ട്രപതിയായി മാറുന്ന ഒരു ഘട്ടത്തിലേക്ക് അദ്ദേഹം ഒറ്റയാൻ യുദ്ധം നടത്തുകയായിരുന്നു എന്നതാണ് യാഥാർത്ഥ്യം. എന്തുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് പ്രചോദനമായി മാറിയില്ല? അദ്ദേഹത്തിന്റെ പിൻഗാമികളായി വന്നിട്ടുള്ള സമർത്ഥരായ ദളിത് വിദ്യാർത്ഥികൾക്ക് അദ്ദേഹം നയിച്ച പാത പിന്തുടരാൻ കഴിയുന്നുണ്ടോ? അതിന് കഴിയുന്ന ഉചിതമായ സ്മാരകങ്ങളാണ് നിർമ്മിക്കേണ്ടത്. ഈ സമൂഹത്തിൽ ഇത്രയധികം പ്രയാസങ്ങൾ അനുഭവിക്കുന്ന, പ്രതികൂല സാഹചര്യങ്ങളിൽ വിദ്യാഭ്യാസം ചെയ്യേണ്ടിവരുന്ന, ജീവിതം നയിക്കേണ്ടിവരുന്ന ചെറുപ്പക്കാർക്ക് എന്നും മാതൃകയാക്കാൻ കഴിയുന്നൊരു ജീവിതമാണ്, സന്ദേശമാണ് കെ. ആർ. നാരായണന്റെ ജീവിതം നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്നത്. ഭാവി തലമുറയ്ക്ക് പ്രചോദനമായി തീരത്തക്ക നിലയിലുള്ള സ്മാരകങ്ങളാകണം അദ്ദേഹത്തെ കുറിച്ചുള്ള സ്മാരകങ്ങൾ നിർമ്മിക്കുമ്പോൾ നാം ചിന്തിക്കേണ്ടത് എന്നുമാത്രം

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചുകൊണ്ട് ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരത്തോടും യോജിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോടും അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന എല്ലാവരോടുമൊപ്പം ഞാനും യോജിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, അന്തരിച്ച മുൻ രാഷ്ട്രപതി കെ. ആർ. നാരായണനെ സംബന്ധിച്ച് അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. മഹാനായ ഒരു പുത്രനെയാണ് കേരളത്തിന് നഷ്ടമായത്. ഏറ്റെടുത്ത കർമ്മരംഗങ്ങളിലെല്ലാം സ്വന്തം വ്യക്തിത്വം തെളിയിക്കുവാനും ആ പദവികളോടെല്ലാം നീതിപുലർത്തുവാനും കഴിഞ്ഞ ഉത്തമനായ ഒരു വ്യക്തിയെ നമുക്ക് നഷ്ടമായി. കേരളത്തിന്റെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന യുവതലമുറയ്ക്ക് എന്നും മാതൃകയും ആവേശവുമായി കെ. ആർ. നാരായണന്റെ സ്മരണയുണ്ടാകുമെന്ന് ഞാൻ കരുതുന്നു. വിനയപൂർവ്വമായ പെരുമാറ്റം, ലളിതമായ ജീവിതശൈലി, വലിയ ഹൃദയനൈർമ്മല്യം ഇതെല്ലാം തന്നെ എല്ലാവർക്കും മാതൃകയാണ്. വിനയവും ലാളിത്യവും ഹൃദയനൈർമ്മല്യവുമൊക്കെ നിലനിൽക്കുമ്പോഴും നിശ്ചയദാർഢ്യവും ലക്ഷ്യബോധവും ഉയർത്തിപ്പിടിക്കുവാനും തന്റെ ആദർശങ്ങളോട് ശക്തമായ പ്രതിബദ്ധത പുലർത്തിക്കൊണ്ടുതന്നെ പ്രവർത്തിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ളത് ഓർക്കേണ്ട ഒരു സംഗതിയാണ്. ഏറ്റവും ബുദ്ധിമുട്ടേറിയ സാഹചര്യത്തിൽ അധഃസ്ഥിതരിൽ അധഃസ്ഥിതനായി വളർന്ന അദ്ദേഹത്തെ ഇൻഡ്യൻ രാഷ്ട്രപതി എന്ന സ്ഥാനത്തേക്ക് ഉയർത്തിയത് ഇൻഡ്യൻ ജനാധിപത്യത്തിന്റെ വലിയ വിജയമായിത്തന്നെ കാണേണ്ടതായിട്ടുണ്ട്. ജനാധിപത്യ ഇൻഡ്യ അദ്ദേഹത്തിൽ അർപ്പിച്ച വിശ്വാസത്തിന് അനുസരണമായി ഉയർന്ന് പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആ പദവിയോട് ഏറ്റവും വലിയ നീതി പുലർത്തി. അങ്ങനെ വലിയ മാതൃക അവശേഷിപ്പിച്ചുപോയ അദ്ദേഹത്തിന്റെ സ്മരണ എന്നും കേരളീയർക്കാകെ ആവേശമായി ഉയർന്നുനിൽക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. അദ്ദേഹത്തിന്റെ സ്മരണ എന്നും കേരളത്തിലും ഇൻഡ്യയിലും എല്ലാവർക്കും പ്രചോദനമായി നിൽക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ നിര്യാണത്തിൽ സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ട്, അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, കെ. ആർ. നാരായണനെക്കുറിച്ച് അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. സമൂഹത്തിന്റെ അവശത പരിഹരിക്കുന്നതിനുള്ള പോരാട്ടത്തിൽക്കൂടിയാണ് പലരും മഹാന്മാരായിട്ടുള്ളതെങ്കിൽ സ്വന്തം വ്യക്തിജീവിതത്തിന്റെ തടസ്സങ്ങൾ തട്ടിനീക്കിക്കൊണ്ട് തന്റെ ബുദ്ധിശക്തിയും കഴിവും ഉപയോഗിച്ച് മഹത്തായ ഏത് പദവിയിലും

LIBRARY ARCHIVES Kerala Legislative Assembly

എത്താൻ ഇൻഡ്യയുടെ മഹത്തായ റിപ്പബ്ലിക്കിന് സാധിക്കുമെന്നു തെളിയിക്കുകയാണ് കെ. ആർ. നാരായണൻ ചെയ്തത്. അദ്ദേഹത്തിന്റെ കഴിവും ബുദ്ധിശക്തിയും ഇനിയും കുറേക്കാലംകൂടി രാഷ്ട്രത്തിനു കിട്ടേണ്ടതായിരുന്നു. അത് സാധിക്കാതെ പോയതിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. സി. ഷൺമുഖദാസ്:</u> സർ, നമുക്കൊക്കെ എല്ലാ രീതിയിലും പ്രിയങ്കരനായ കെ. ആർ. നാരായണനെക്കുറിച്ച് അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും സഭാനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. അധഃസ്ഥിത വർഗ്ഗത്തിൽ പിറന്ന് പഠനം കൊണ്ടും പ്രവൃത്തികൊണ്ടും സ്ഥാനലബ്ധി കൊണ്ടും ലഭിച്ച സ്ഥാനത്തേക്കാൾ അതിന്റെ ഔന്നത്യംകൊണ്ട് ഉന്നത പദവിയിലെത്തിയ കെ. ആർ. നാരായണൻ നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിൽ പല പ്രവൃത്തികൾ ചെയ്തെങ്കിലും അദ്ദേഹം ചിലപ്പോൾ പറയാറുണ്ട് എന്റെ പ്രവർത്തനകാലത്തെ ഏറ്റവും ശ്രദ്ധേയമായ രംഗം പത്ര പ്രവർത്തനരംഗമാണെന്ന്. 23-ാം വയസ്സിൽ ടൈംസ് ഓഫ് ഇൻഡ്യയിൽ ചേർന്നപ്പോൾ അദ്ദേഹത്തിന്റെ ആദ്യത്തെ ആഗ്രഹം നമ്മുടെ മഹാത്മാവും രാഷ്ട്രപിതാവുമായ ഗാന്ധിജിയുമായി അഭിമുഖം നടത്തുക എന്നതായിരുന്നു. അതിന് ശ്രമിച്ചു. പ്രത്യേകാഭിമുഖം അദ്ദേഹത്തിന് ലഭിച്ചു. പക്ഷേ യാദൃശ്ചികമായി അന്ന് ഗാന്ധിജി മൗനവ്രതം പാലിക്കുന്ന ദിവസമായിരുന്നു. ഏഴ് ചോദ്യങ്ങൾ കെ. ആർ. നാരായണൻ ചോദിച്ചു. ഗാന്ധിജി ഒന്നിനുമാത്രം വളരെ കാര്യമായി മറുപടി എഴുതിക്കൊടുത്തു. ബാക്കി ആറെണ്ണത്തിന് ഹ്രസ്വമായി മറുപടി കൊടുത്തു. അതിലൊന്ന്, ദളിത് വിഭാഗം സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കമാണ്; സാമൂഹ്യമായും സാമ്പത്തിക മായും അവരെ ഉയർത്തിയാൽ മാത്രമേ അവർ ഉയരുകയുള്ളു; അവർക്ക് രാഷ്ട്രീയ മായി ഉന്നതപദവിയും പങ്കാളിത്തവും ലഭ്യമാകാത്തിടത്തോളംകാലം മറ്റ് വിഭാഗത്തെ പോലെ അവർക്ക് ഉയരാൻ കഴിയുമോ എന്നതിന് മറുപടി വേണം എന്നതായിരുന്നു. ഗാന്ധിജി വളരെ വിശദമായി പറഞ്ഞു, ഇൻഡ്യയിൽ ഈ രണ്ട് വിഭാഗവും ഈ രീതിയിൽ വളർന്നുവന്നാൽ രാഷ്ട്രീയമായി അവഗണിക്കുന്ന ഒരു ശക്തിയല്ലാതായി മാറും. അവിടെയാണ് ശ്രീ. സി. കെ. നാണു ചൂണ്ടിക്കാണിച്ചപോലെ ഇൻഡ്യയുടെ ഒന്നാം പൗരസ്ഥാനത്തേക്ക് ഒരു ദളിത വിഭാഗക്കാരൻ എന്നെത്തുമോ അന്ന് നമ്മുടെ നാട് വളർച്ചയുടെ പാതയിലെത്തും; പൂർണ്ണമായി വളർച്ചയിലെത്തിയെന്നല്ല വളർച്ചയുടെ പാതയിലാണെന്നു ഞാൻ കാണുന്നു എന്ന് ഗാന്ധിജി പറഞ്ഞത്. കെ. ആർ. നാരായണനെ വിദേശകാര്യ വകുപ്പിലേക്ക് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നിയോഗിച്ചപ്പോൾ പണ്ഡിറ്റ്ജി സ്വീകരിച്ചിട്ടുള്ള ലോകരാഷ്ട്രങ്ങളെ മുഴുവൻ ഒന്നിപ്പിക്കുക എന്ന ആർഷഭാരത സംസ്കാരത്തിന് ഇണങ്ങിയ വിദേശ നയത്തിന് ഒരു വക്താവിനെ കണ്ടെത്തുകയായിരുന്നു. ഒരു വക്താവെന്ന നിലയിൽ ഏറ്റവും വിജയകരമായി പ്രവർത്തിച്ചു കെ. ആർ. നാരായണൻ. ഉയർന്ന രാജ്യങ്ങളുടെ യൊക്കെ പ്രതിനിധിയായി പ്രവർത്തിച്ചു എന്നത് ഏറെ ശ്രദ്ധേയമായ കാര്യങ്ങളി ലൊന്നാണ്. കെ. ആർ. നാരായണൻ ഉപരാഷ്ട്രപതിയായതും രാഷ്ട്രപതിയായതും

LIBRARY ARCHIVES Kerala Legislative Assembly

സംവരണതത്വത്തിന്റെ അടിസ്ഥാനത്തിലല്ല. സംവരണതത്വത്തിന്റെ അടിസ്ഥാനത്തിൽ ചില സ്ഥാനങ്ങളിൽ അദ്ദേഹം എത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കഴിവ് കണ്ടെത്താൻ ഉപരാഷ്ട്രപതിസ്ഥാനം എത്തിയപ്പോൾ അതിനിടവന്നു എന്നുള്ളത് ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയ പ്രവർത്തകരും ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ്. രാഷ്ട്രപതി എന്ന രീതിയിൽ അദ്ദേഹത്തിന്റെ സൽപ്രവൃത്തികൾ തീർച്ചയായും ഭാവിയിലെ രാഷ്ട്രപതിമാർക്ക് അനുഭവപാഠമാകും. അദ്ദേഹത്തിന്റെ നാമധേയം നമുക്ക് അഭിമാനകരവും ഈ രാജ്യത്തിന് ഏറ്റവും ഉത്തേജനം നൽകുന്ന ഒരു ദേശീയ ശക്തിയുടെ പ്രതീകമായി നിൽക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോട് ഈ രാജ്യവും നിയമസഭയും പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാനും യോജിക്കുന്നു. അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, മീനച്ചിൽ താലൂക്കിലെ കുറിച്ചിത്താനം എന്ന കൊച്ചുഗ്രാമത്തിൽ ദളിത് പാരമ്പര്യ വൈദ്യകുടുംബത്തിൽ ജനിച്ച പ്രിയങ്കരനായ കെ. ആർ. നാരായണൻ മലയാളി സമൂഹത്തിന് മുഴുവൻ അഭിമാനം പകരുന്ന നിലയിലേക്ക് പരമോന്നത സ്ഥാനം അലങ്കരിച്ച് നമ്മെയെല്ലാം അനുഗ്രഹിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം സംബന്ധിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. വിശദമായ ചർച്ച ഈ സഭയിൽ നടന്നുകഴിഞ്ഞു. വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അദ്ദേഹം ഏറ്റവും പ്രാധാന്യം കൊടുത്തിരുന്നത് വിദ്യാഭ്യാസത്തിനായിരുന്നു എന്ന കാര്യം ഇവിടെ പരാമർശിക്കപ്പെട്ടു. ദളിതനായിരുന്ന അദ്ദേഹം ഇംഗ്ലീഷ് സാഹിത്യം ഒന്നാം റാങ്കോടുകൂടി പാസ്സായി ജോലിക്ക് ചെന്നപ്പോൾ വേദനിക്കുന്ന അനുഭവമാണ് അദ്ദേഹത്തിനുണ്ടായത്. ആ അനുഭവത്തിൽനിന്ന് ഇന്നും ഈ അധഃസ്ഥിത വർഗ്ഗത്തെ മോചിപ്പിക്കാൻ, സംരക്ഷിക്കാൻ നമ്മുടെ സമൂഹത്തിന് കഴിയുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹത്തിന് സ്മാരകങ്ങൾ നിർമ്മിക്കുമ്പോൾ പൊതുജനങ്ങളുടെ മുന്നിൽ സ്മാരകങ്ങൾ ഉണ്ടാക്കുന്നതിലും കൂടുതലായി മനുഷ്യമനസ്സുകളിൽ അദ്ദേഹത്തിന് സ്മാരകം ഉണ്ടാക്കുന്നതിനെപ്പറ്റി ചിന്തിക്കാൻ നാമെല്ലാവരും ബാദ്ധ്യതപ്പെട്ടവരാണ്. അധഃസ്ഥിതവർഗ്ഗക്കാരനെന്ന നിലയിൽ അവഗണിക്കപ്പെട്ട അദ്ദേഹത്തിന്റെ വേദന ഈ സഭയിൽ എല്ലാവരും സൂചിപ്പിച്ചു. ആദരണീയനായ കെ. ആർ. നാരായണൻ അന്തരിച്ച ആ ആഴ്ചയിൽ എന്റെ മുന്നിൽ മേലുകാവ് ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പന്ത്രണ്ട് കുഞ്ഞുങ്ങളും അവരുടെ അമ്മമാരും വന്നിരുന്നു അവർക്ക് വിദ്യാഭ്യാസാനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. അധഃസ്ഥിത വർഗ്ഗത്തിൽപ്പെട്ടവരുടെയും ഇന്റർകാസ്റ്റ് മാര്യേജ് നടത്തിയവരുടെയും മക്കളാണ് അവർ. ഇതിനെപ്പറ്റി നമ്മൾ ചിന്തിക്കേണ്ടതാണ്. കെ. ആർ. നാരായണനെന്ന വലിയ മനുഷ്യനെപ്പറ്റി ചിന്തിക്കുകയും നല്ലത് പറയുകയും സ്മാരകങ്ങൾ പണിയുകയും ചെയ്താലും മനുഷ്യ മനസ്സുകളിൽ മാറ്റം വരുത്താൻ കഴിയാതെ സ്മാരകങ്ങളെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുന്നതിൽ അർത്ഥമില്ല എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. കഴിഞ്ഞ 10-ാം തീയതിയോ 11-ാം തീയതിയോ വിദ്യാഭ്യാസം നിർത്തേണ്ടിവന്ന ആ കുഞ്ഞുങ്ങളുടെ മുഖം എന്റെ മുമ്പിലുണ്ട്. സ്മാരകങ്ങളുണ്ടാകേണ്ടത് മനസ്സിലാണ് എന്ന് ഈ വേദിയിൽ പറയുകയാണ്. കെ. ആർ. നാരായണന്റെ ജീവിതം ഒരു മാതൃകയാണ്. അദ്ദേഹത്തെ സഹായിക്കാൻ എല്ലാവരും ഉണ്ടായിരുന്നു; അദ്ദേഹത്തെ ഭാഗ്യവും കഴിവുകളും അവസരങ്ങളും തേടി എത്തി എന്നതാണ് സത്യം. ഉന്നത സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോഴും മലയാളി സമൂഹം അദ്ദേഹത്തെ ആദരിക്കാൻ എപ്പോഴും തയ്യാറായിരുന്നു. അദ്ദേഹം ആവോളം സ്നേഹം ഈ സമൂഹത്തിന് നൽകാനും തയ്യാറായിട്ടുണ്ടെന്ന് നമുക്കറിയാം. ഇന്നും കുറിച്ചിത്താനത്തുള്ള കൊച്ചു ഭവനത്തിൽ അദ്ദേഹത്തിന്റെ സഹോദരനും സഹോദരിയും എങ്ങനെ ജീവിക്കുന്നു എന്ന കാര്യം നമുക്കൊക്കെ അറിയാം. വൈദ്യകുടുംബമായതുകൊണ്ട് അവഗണനയിൽ കുറച്ച് മാറ്റങ്ങളുണ്ടെങ്കിൽപ്പോലും ഇപ്പോഴും ആ മാനസികനില മാറ്റാൻ നമ്മളെല്ലാവരും പ്രവർത്തിക്കേണ്ടതായിട്ടുണ്ട് എന്ന അഭിപ്രായം രേഖപ്പെടുത്തുകയാണ്. അദ്ദേഹത്തിന് കോടിക്കണക്കിന് രൂപ ചെലവാക്കി സ്മാരകങ്ങൾ പണിയുന്നത് നല്ല കാര്യം. അക്കാര്യത്തിൽ മൊത്തം മലയാളികളുടെ അഭിപ്രായം ആരാഞ്ഞശേഷം ഒരു തീരുമാനമെടുക്കുന്നതായിരിക്കും നല്ലത്. അതായിരിക്കും കെ. ആർ. നാരായണന്റെ ആത്മാവിന് സന്തോഷമുള്ള കാര്യം എന്നുകൂടി ഗവൺമെന്റിനെ അറിയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുന്നിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഷിബു ബേബിജോൺ: സർ, അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കളും മറ്റെല്ലാവരും പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. ഉഴവൂരിലെ കൊച്ചു ചെറ്റക്കുടിലിൽനിന്ന് ഇൻഡ്യാരാജ്യത്തെ ഏറ്റവും ഉന്നതമായ പദവിയിൽ എത്തിയതിനു പിന്നിലെ അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യവും അർപ്പണമനോഭാവവും എല്ലാം പരാമർശിച്ചു കഴിഞ്ഞു. ഇൻഡ്യൻ ജനാധിപത്യത്തിന്റെ മാഹാത്മ്യത്തെയാണ് അത് തെളിയിക്കുന്നത്. വ്യക്തിപരമായ കടപ്പാടിന്റെ ഒരു സംഭവം മാത്രം ഞാൻ ഇപ്പോൾ ഓർക്കുകയാണ്. ഇൻഡ്യൻ രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്ത നാളിൽ കേരള ഗവൺമെന്റിനെ പ്രതിനിധീകരിച്ച് എന്റെ പിതാവായിരുന്നു ഡൽഹിയിൽ സന്നിഹിതനായിരുന്നത്. അതിനുശേഷം അദ്ദേഹം ആദ്യമായി കേരളം സന്ദർശിച്ചപ്പോൾ എന്റെ പിതാവ് അതീവ ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുകയായിരുന്നു. എല്ലാ പ്രോട്ടോക്കോളും ലംഘിച്ചുകൊണ്ട് മുഴുവൻ പരിപാടികൾ മാറ്റിവച്ച് അദ്ദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുകയും ഞങ്ങളുടെ കുടുംബാംഗങ്ങളെ കാണുകയും ചെയ്തു. എന്ത് സംഭവിക്കും എന്നറിയാതെ ടെൻഷനിൽ കഴിഞ്ഞിരുന്ന ഞങ്ങളെ സാന്ത്വനിപ്പിക്കുകയും സമാധാനിപ്പിക്കുകയും ചെയ്തത് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യം തെളിയിക്കുന്ന ഒരു സംഭവമാണത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ കടപ്പാട് ഈ സഭയിൽ ഞാൻ നന്ദിപൂർവ്വം സ്മരിക്കുകയാണ്. ഒരിക്കൽകൂടി അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മൺമറഞ്ഞ ആ മഹാപ്രതിഭയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(അന്തരിച്ച മുൻ രാഷ്ട്രപതിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പ സമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ നിര്യാണം സംബന്ധിച്ച ചരമോപചാരത്തിനുവേണ്ടി മാത്രം വിളിച്ചുകൂട്ടിയ സ്പെഷ്യൽ സെഷനായതുകൊണ്ടും സഭയുടെ മുമ്പാകെ മറ്റ് ബിസിനസ് ഒന്നുമില്ലാത്തതുകൊണ്ടും സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(സഭ രാവിലെ 10.30-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 729/Table. 1/2005/Leg. *Dated, Thiruvananthapuram, 1st December, 2005.*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Thirteenth Session of the Eleventh Kerala Legislative Assembly with effect from November 21, 2005 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനൊന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2005 നവംബർ 21-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

DR. M. C. VALSON,
Secretary,
Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly